# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 14 / Issue 05
May 2023

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)



# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് 4:8)**


**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 14 മെയ് 2023 ലക്കം 5

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ.......................................................................... | 5 |
| സർക്കുലർ.......................................................................... | 12 |
| രൂപതാ കച്ചേരി വാർത്തകൾ.................................................. | 19 |
| മതബോധനരംഗം ...................................................................... | 24 |
| ചെറുപുഷ്പ മിഷൻലീഗ്........................................................ | 25 |
| Department of Youth Ministry ........................................ | 30 |
| കെ.സി.വൈ.എം............................................................................ | 33 |
| കുടുംബപ്രേഷിതത്വം................................................................. | 40 |
| സീയോൻ വാർത്ത...................................................................... | 49 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി................................... | 51 |
| സാമൂഹ്യ സേവനരംഗം (WSSS).......................................... | 53 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി............................. | 56 |
| ബയോവിൻ അഗ്രോ റിസർച്ച്................................................ | 61 |
| റേഡിയോ മാറ്റൊലി ................................................................ | 64 |
| Mary Matha Arts & Science College............................... | 66 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................. | 68 |
| ബിഷപ്സ് പ്രോഗ്രാം ............................................................... | 75 |

# സർക്കുലർ

**Prot. No. 27553/2023**
**Circular No. 3/2023**

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരങ്ങളേ, പ്രിയപ്പെട്ട കുട്ടികളേ,

മാനന്തവാടി രൂപത സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലി വർഷമാണല്ലോ 2022 മെയ് 1 മുതൽ 2023 മെയ് 1 വരെ. ഒരു വർഷം മുമ്പ് ആരംഭിച്ച ജൂബിലിയാചരണം 2023 മെയ് മാസം ഒന്നാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ അർപ്പിക്കപ്പെടുന്ന വി. കുർബാനയോടും തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തോടും കൂടെ സമാപിക്കും. വി. കുർബാനയിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവ് മുഖ്യകാർമ്മികത്വം വഹിക്കും. പരിശുദ്ധ സിംഹാസനത്തിന്റെ ഭാരതത്തിലെ സ്ഥാനപതി അഭിവന്ദ്യ ലെയോപോൾദോ ജിറെല്ലി മെത്രാപ്പോലീത്താ, ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റ് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്താ, നമ്മുടെ പ്രവിശ്യാത്തലവനും തലശ്ശേരി അതിരൂപതാദ്ധ്യക്ഷനുമായ അഭിവന്ദ്യ ജോസഫ് മെത്രാപ്പോലീത്താ, നമ്മുടെ അയൽ രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാർ എന്നിവരുടെയും മഹനീയ ഭാഗഭാഗിത്വം വിശുദ്ധ കുർബാനയിൽ ഉണ്ടാകും. പൊതുസമ്മേളത്തിൽ കേന്ദ്ര സംസ്ഥാന മന്ത്രിമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ മതനേതാക്കൾ തുടങ്ങിയവർ പങ്കെടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. രൂപതാംഗങ്ങളിൽ എല്ലാ വിഭാഗത്തിലും പെട്ടവരുടെ പ്രതിനിധികളും മറ്റ് ക്ഷണിതാക്കളും വി. കുർബാനയിലും പൊതുസമ്മേളനത്തിലും പങ്കെടുക്കും.

ഓരോ ഇടവകയിൽ നിന്നും താഴെ പറയും പ്രകാരം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട വികാരിച്ചന്മാർ ഉറപ്പ് വരുത്തണേ:

1. 400 നു മുകളിൽ കുടുംബങ്ങളുള്ള ഇടവകയിൽ നിന്നും പങ്കെടുക്കേണ്ട അമ്മായരുടെ എണ്ണം 50

2. 200 നും 400 നും ഇടയിൽ കുടുംബങ്ങളുള്ള ഇടവകയിൽ നിന്നും പങ്കെടുക്കേണ്ട അമ്മായരുടെ എണ്ണം 40

3. 100 നും 200 നും ഇടയിൽ കുടുംബങ്ങളുള്ള ഇടവകയിൽ നിന്നും പങ്കെടുക്കേണ്ട അത്മായരുടെ എണ്ണം 25

4. 100 നു താഴെ കുടുംബങ്ങളുള്ള ഇടവകയിൽ നിന്നും പങ്കെടുക്കേണ്ട അത്മായരുടെ എണ്ണം 10 (ഇടവകയിൽ നിന്നും നിർബന്ധമായും ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടവർ കൈക്കാരന്മാർ, കപ്യാർ, സെക്രട്ടറി, മതാദ്ധ്യാപകർ, കുടുംബയൂണിറ്റ് ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ)

5. രൂപതാ വൈദികർ, രൂപതയിൽ സേവനം ചെയ്യുന്ന സമർപ്പിതർ, വൈദികർ, ബ്രദേഴ്സ്)

6. സംഘടനകളുടെ രൂപതാഫൊറോനാ ഭാരവാഹികൾ

7. രൂപതാ വൈദിക വിദ്യാർത്ഥികൾ

8. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ.

9.എല്ലാ സ്കൂളുകളിലെയും (ഇംഗ്ലീഷ്മീഡിയംഉൾപ്പടെ) പ്രധാനാധ്യാപകർ മാനന്തവാടി രൂപതയിൽ മുമ്പ് ശുശ്രൂഷ ചെയ്തിരുന്ന എല്ലാ സമർപ്പിതരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഈ രൂപതയിൽ നിന്നുള്ളവരും ഇപ്പോൾ ഭാരതത്തിലും ഭാരതത്തിന് പുറത്തുമായി താമസിക്കുന്നവരുമായ എല്ലാ വിഭാഗങ്ങളിലും പെട്ട രൂപതാംഗങ്ങൾക്കും ഹൃദ്യമായ സ്വാഗതം.

മെയ് ഒന്നാം തീയതിയിലെ ചടങ്ങുകളിൽ പങ്കെടുക്കുന്ന എല്ലാവരും മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇരിപ്പിടം, ഭക്ഷണം തുടങ്ങിയവ ക്രമീകരിക്കാനും അസൗകര്യങ്ങൾ പരമാവധി ഒഴിവാക്കാനും പങ്കെടുക്കുന്നവരുടെ കൃത്യമായ എണ്ണം മുൻകൂട്ടി കിട്ടുക എന്നത് അനിവാര്യമാണ്. www.mananthavady-diocese.com എന്ന വെബ് സൈറ്റു വഴിയാണ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്. ഇതിന്റെ ലിങ്ക് വിവിധ വാട്സ്ആപ്പ് ഗ്രൂപ്പുകളിലും ലഭ്യമാക്കുന്നതാണ്. ഒന്നിൽ കൂടുതൽ പ്രതിനിധികൾ പങ്കെടുക്കുന്ന ഇടവകകളും സമർപ്പിത സമൂഹങ്ങളും സംഘടനകളും സ്ഥാപനങ്ങളും ഒരുമിച്ച് രജിസ്റ്റർ ചെയ്താൽ മതി. രജിസ്റ്റർ പ്രക്രീയയുടെ അവസാനം സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന Entry Pass ന്റെ ഒരു പ്രിന്റ് ഔട്ട് കൊണ്ടുവരേണ്ടതാണ്. ഗ്രൂപ്പായി ചെയ്യുമ്പോൾ എല്ലാവർക്കും കൂടി ഒരു പ്രിന്റ് ഔട്ട് മാത്രമേ ലഭിക്കുകയുള്ളു. പ്രിന്റ് ഔട്ട് ഇല്ലാത്തവർ മൊബൈലിൽ കരുതിയാലും മതി. സമ്മേളന വേദിയിൽ പേരുകൾ രജിസ്റ്റർ ചെയ്യാൻ അതാവശ്യമാണ്. ഏപ്രിൽ 25ന് മുമ്പായി എല്ലാവരും രജിസ്റ്റർ ചെയ്യണേ. ഇപ്പറഞ്ഞ കാര്യങ്ങൾ

പങ്കെടുക്കുന്ന എല്ലാവരും പാലിക്കണം എന്ന് ഓർമ്മപ്പെടുത്തട്ടെ.

നമ്മുടെ രൂപതയുടെ ജൂബിലി എങ്ങനെ ആചരിക്കണം എന്നത് രൂപതയിലെ വിവിധ സമിതികളിലും ഇടവക ഫൊറോനാ രൂപത എന്നീ ത്രിവിധ അംസംബ്ലികളിലും ചർച്ച ചെയ്താണ് തിരുമാനിച്ചത്. പരിശുദ്ധ പിതാവ് മാർപാപ്പ പ്രഖ്യാപിച്ച സിനഡാലിറ്റി എന്ന ആശയത്തിന്റെ ചുവടുപിടിച്ചാണ് നാമങ്ങനെ ചെയ്തത്. ബാഹ്യമായ ആഘോഷങ്ങൾ കുറച്ച്, രൂപതാംഗങ്ങളുടെ ആത്മീയ വളർച്ചയ്ക്കും ഭൗതിക നന്മക്കും മുൻഗണന കൊടുക്കണം എന്നതായിരുന്നു നാം എത്തിച്ചേർന്ന പൊതുധാരണ.

ഈ രണ്ടു കാര്യങ്ങളും വികേന്ദ്രീകൃതമായി നടത്തണം എന്നതായിരുന്നു മറ്റൊരു പൊതുധാരണ. അതായത് എല്ലാ കാര്യങ്ങളും രൂപതാ കേന്ദ്രത്തിൽ നിന്ന് ചെയ്യുന്നതിന് പകരം രൂപതയുടെ ഉപഘടകങ്ങളായ ഇടവകകൾ, ഡിപ്പാർട്ട്മെന്റുകൾ, സംഘടനകൾ, സ്ഥാപനങ്ങൾ, സമർപ്പിത സമൂഹങ്ങൾ തുടങ്ങിയവരിലൂടെ അവ നടപ്പാക്കണം. അതിന് സാമ്പത്തികവും അല്ലാത്തതുമായ വിഭവ സമാഹരണവും അവർ തന്നെ നടത്തണം. അതുകൊണ്ട് ആ രീതിയിലാണ് പദ്ധതികൾ ക്രമീകരിച്ചത്.

എങ്കിലും കുറെ പദ്ധതികൾ അവയുടെ പ്രകൃതിയാൽ തന്നെ കേന്ദ്രീകൃതമായും നടപ്പാക്കിയിരുന്നു. അതിനു വേണ്ടിയുള്ള ധന സമാഹരണത്തെപ്പറ്റി പല വേദികളിൽ ചർച്ച നടത്തി. ഭൂരിപക്ഷം വേദികളിലും സ്വീകാര്യമായി തോന്നിയത് എല്ലാ കുടുംബങ്ങളിലേക്കും രൂപതാധ്യക്ഷൻ നേരിട്ടെഴുതി സംഭാവന ആവശ്യപ്പെടുക എന്നതായിരുന്നു. അതുപോലെ സമൂഹങ്ങളേയും സമീപിക്കാൻ ധാരണയായി. സമർപ്പിതർ എല്ലാവരും തന്നെ വിശാലമനസ്സോടെ ഈ പ്രക്രിയയിൽ പങ്കാളികളായി. സംഭാവന ചെയ്ത എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി പറയുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവർക്ക് വേണ്ടി രൂപതാംഗങ്ങളുടെ ആത്മീയ ഉണർവ് ലക്ഷ്യമാക്കി പരിശുദ്ധ അമ്മയുടെ തിരുസ്വരൂപപ്രയാണം, ഹോം മിഷനുകൾ, ഇടവകധ്യാനങ്ങൾ ബൈബിൾ കൺവെൻഷൻ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ നമ്മൾ നടത്തി. അതിലൂടെയെല്ലാം ഉദ്ദേശിച്ച ഫലം ഒരു പരിധിവരെ ലഭ്യമായി എന്നു തന്നെയാണ് എന്റെ വിശ്വാസം. അവയെല്ലാം പ്രാവർത്തികമാക്കാൻ അത്യദ്ധ്വാനം ചെയ്ത ബഹുമാനപ്പെട്ട ജൂബിലിക്കമ്മിറ്റി അംഗങ്ങൾ, ഇടവക വികാരിമാർ, അസിസ്റ്റന്റ് വികാരിമാർ, സമർപ്പിതർ, അത്മായ നേതാ

ക്കൾ തുടങ്ങി എല്ലാവരെയും അഭിനന്ദിക്കുകയും നന്ദിപൂർവ്വം ഓർക്കുകയും ചെയ്യുന്നു.

രൂപതാംഗങ്ങളുടെ കൂട്ടായ്മ ലക്ഷ്യമാക്കി വൈദികർ, സമർപ്പിതർ, അത്മായ നേതാക്കൾ. പ്രവാസികൾ തുടങ്ങിയവരുടെ ഇടവക ഫൊറോനാ രൂപതാതല സംഗമങ്ങൾ ഓൺലൈനായും അല്ലാതെയും നടത്തുകയുണ്ടായി. എല്ലാം വളരെ മനോഹരമായിരുന്നു. നമ്മൾ ആരംഭം കുറിച്ചിരിക്കുന്ന പ്രവാസി മിനിസ്ട്രി കാലഘട്ടത്തിന്റെ ഒരാവശ്യം തന്നെയാണ്. വ്യത്യസ്ത വിഷയങ്ങളിൽ വിവിധ തലങ്ങളിൽ നടത്തിയ മത്സരങ്ങളിലും ഏറെപ്പേർ പങ്കെടുത്തു.

ജൂബിലി വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിച്ച ഒരു പ്രധാന പദ്ധതിയാണ് ഇടവകകളിൽ ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിക്കുക എന്നത്. നമ്മുടെ രൂപതയിലെ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അത് ആരംഭിച്ചു കഴിഞ്ഞു. യുവജനങ്ങൾക്ക് ഏറെ ഉപകാരപ്പെടുന്നതാണ് അവ കേരളത്തിലെ ക്രിസ്ത്യാനികളുടെ പിന്നോക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിയമിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന് സമർപ്പിക്കാൻ ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ നാം ശേഖരിച്ചത് വളരെ ശാസ്ത്രീയമായി നടത്തിയ ഒരു ഓൺലൈൻ സർവേയിലൂടെയാണ്. അതിൽ നിന്ന് മനസ്സിലായ ഒരു പ്രധാനകാര്യം നമ്മുടെ രൂപതയിൽ ആയിരത്തി എണ്ണൂറിലധികം കുടുംബങ്ങൾ സ്വന്തം വീടില്ലാത്തവർ ഉണ്ടെന്നതാണ്. ജൂബിലിയോടനുബന്ധിച്ച് നാം തയ്യാറാക്കിയ കർമ്മപദ്ധതികളിൽ ഏറ്റവും പ്രിയപ്പെട്ടതായിരുന്നു ഭവനരഹിതർക്കുള്ള ഭവനനിർമ്മാണ പദ്ധതി. ജൂബിലി വർഷത്തിൽ ഇരുന്നൂറിലധികം വീടുകൾ നിർമ്മിച്ച് നൽകി. സ്ഥലമില്ലാത്ത മുപ്പത് കുടുംബങ്ങൾക്ക് പത്ത് സെന്റ് വീതം സ്ഥലം രൂപത നേരിട്ട് നൽകി. വിവിധ വ്യക്തികളും ഇടവകകളും സംഘടനകളും വൈദികരും സമർപ്പിതരും എല്ലാം ഇതിൽ സജീവമായി പങ്കെടുത്തതിൽ വളരെ സന്തോഷമുണ്ട്.

ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെ മുമ്പിൽ കണ്ടു കൊണ്ട് ജൂബിലി വർഷത്തോടനുബന്ധിച്ച് ആരംഭിച്ച സംവിധാനമാണ് ഫെഡാർ ഫൗണ്ടേഷനും (Fedar Foundation. FEDAR Futuristic Education And Research Foundation) അതിന്റെ അനുബന്ധ സംവിധാനങ്ങളായ സാൻജോ അക്കാഡമി ഫെഡാർ ഇന്റർനാഷണൽ (Fedar Interna-

tional), ഫെഡാർ കണക്ട് (Fedar Connect) എന്നിവയും. ഈ സംവിധാനങ്ങൾ കൂടുതലായും ഫെഡാർ ഫൗണ്ടേഷൻ രൂപപ്പെടുത്തിയിട്ടുള്ള ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെയാണ് പ്രവർത്തിക്കുന്നത്. ഈ സംവിധാനത്തിലൂടെ നമ്മുടെ രൂപതാംഗങ്ങളായ രണ്ടായിരത്തോളം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനസംബന്ധമായ മാർഗ്ഗനിർദ്ദേശം കൊടുക്കുന്നുണ്ട്.

കുഞ്ഞോം ഇടവകയിൽ മുമ്പ് പ്രവർത്തിച്ചിരുന്ന ശാന്തിനിലയം പ്രവർത്തനം അവസാനിപ്പിച്ചതിനാൽ അവിടെയുള്ള ഭൗതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പ്രവർത്തിക്കുന്ന സാൻജോ അക്കാഡമിയിൽ ജർമ്മനിയിൽ പഠനത്തിന് പോകുന്നവർക്കുള്ള ജർമ്മൻ ഭാഷാപഠനമാണ് നടത്തുന്നത്. കാട്ടിക്കുളത്ത് പ്രവർത്തനം നിലച്ച സെന്റ് പീറ്റേഴ്സ് ബാലസദനത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫെഡാർ ഇന്റർനാഷണൽ IELTS/OET തുടങ്ങിയ പരീക്ഷകൾക്ക് പരിശീലനവും നൽകുന്നു.

രൂപതയുടെ ഉടമസ്ഥതയിലുള്ള ന്യൂമാൻസ് കോളേജിൽ പരമ്പരാഗതമായി കോഴ്സുകളിൽ പ്രവേശനം തേടുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞതിനാൽ അവിടെ ഫെഡാർ ഫൗണ്ടേഷന്റെയും രൂപതയുടെ ഉടമസ്ഥതയിലുള്ള സെന്റ് ജോസഫ്സ് ആശുപ്രതിയുടേയും നേതൃത്വത്തിൽ റെസിഡൻഷ്യൽ കോഴ്സുകൾക്ക് പോകാൻ സാധിക്കാത്തവർക്കായി ജർമ്മൻ പഠനത്തിനും IELTS/OET പരിശീലനത്തിനും സൗകര്യമൊരുക്കുന്നുണ്ട്. മറ്റ് ഹൃസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകളും അവിടെ ആരംഭിക്കുന്നുണ്ട്.

ജൂബിലിയാചരണത്തിന് ആമുഖമായി നടത്തിയ എപ്പാർക്കിയൽ അസംബ്ലിയിൽ നിർദ്ദേശിക്കപ്പെട്ട മറ്റ് ചില പദ്ധതികളാണ് ഡയാലിസിസ് സെന്റർ, സൗജന്യ ഡയാലിസ് പദ്ധതി, പാലിയേറ്റീവ് കെയർ ഗ്രൂപ്പുകൾ, നീലഗിരി പാക്കേജ്, ഉന്നതവിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്, തെരഞ്ഞെടുക്കപ്പെട്ട കർഷകർക്കുള്ള കാർഷിക ഉപകരണ വിതരണം, അസംഘടിത തൊഴിൽ മേഖലയിൽ ജോലിചെയ്യുന്നവർക്കുള്ള ക്ഷേമപദ്ധതികൾ, കൗൺസിലിംഗ് സെന്റർ, തുടങ്ങിയവ. ഇവയിൽ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. ഈ പദ്ധതികൾ എല്ലാം വളരെയധികം സാമ്പത്തിക ബാധ്യതയുള്ളതും കൂടുതൽ കൂടിയാലോചനകളും പഠനവും ആവശ്യമായതിനാൽ സാമ്പത്തിക ലഭ്യതയനു

സരിച്ച് സാവകാശം ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു. അതു പോലെതന്നെ ജൂബിലി വർഷത്തിൽ പ്രസിദ്ധീകരിക്കാമെന്ന് കരുതിയിരുന്ന ചരിത്രഗ്രന്ഥത്തിന്റെ ജോലികളും പൂർത്തിയായിട്ടില്ല. അനതിവിദൂര ഭാവിയിൽ അത് സാധിതമാകും എന്ന് കരുതുന്നു.

കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ നമ്മുടെ രൂപതയിലെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഡിപ്പാർട്ട്മെന്റുകളുടെയും സമർപ്പിതരുടെ ഭവനങ്ങളുടെയും എണ്ണം ഏറെ വർദ്ധിച്ചു. നമ്മുടെ പ്രവർത്തനമേഖലകൾ കൂടുതൽ വിശാലവും സംഘടിതവും ക്രമീകൃതവും ആയി.

എന്നാൽ സീറോ മലബാർ പാരമ്പര്യത്തിൽ വളർന്ന് വന്ന നമ്മളും നമ്മുടെ യുവതലമുറയും ഇളംതലമുറയും ക്രൈസ്തവ വിശ്വാസ ജീവിതത്തിൽ എത്രമാത്രം ശക്തിപ്പെട്ടു എന്ന് സ്വയം വിലയിരുത്തേതുണ്ട്. അതാണല്ലോ നമ്മുടെ രൂപത സ്ഥാപിതമായതിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. തിന്മ നിറഞ്ഞ ഈ ലോകത്തെ നന്മയുടെ മൂർത്തീഭാവമായ സ്വർഗ്ഗരാജ്യമാക്കി മാറ്റാൻ നമുക്ക് എത്ര മാത്രം സാധിച്ചു എന്നതും ചർച്ചാ വിഷയമാകേണ്ടതാണ്. അതാണ് രണ്ടാമത്തെ ലക്ഷ്യം.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ, ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ (മത്താ. 28:20) എന്ന ഈശോയുടെ കല്പന ഈ രൂപതയിലുള്ളവർ എത്ര മാത്രം പ്രായോഗികമാക്കി എന്നതാണ് നമ്മുടെ പുരോഗതിയുടെ അളവുകോൽ. കർത്താവിന്റെ വചനം പഠിപ്പിക്കണമെങ്കിൽ എന്ത് പഠിപ്പിക്കണം എന്നും എങ്ങനെ ആരെ പഠിപ്പിക്കണം എന്നതും അറിയേണ്ടതുണ്ട്. അത് വിശുദ്ധ ബൈബിളിലാണ് കണ്ടെത്തുന്നത്. അതുകൊണ്ടാണ് ഈ ഒരു വർഷം കൊണ്ട് സമ്പൂർണ്ണബൈബിൾ ആദ്യവസാനം ഒരു പ്രാവശ്യമെങ്കിലും മുഴുവൻ വായിക്കണം എന്ന് ജൂബിലിയുടെ ആരംഭത്തിൽ ഞാൻ നിങ്ങൾക്കെഴുതിയത്. എന്റെ നിർദ്ദേശം നിങ്ങൾ പ്രാവർത്തികമാക്കി എന്ന് വിശ്വസിക്കുന്നു. ജൂബിലി വർഷാചരണത്തിന്റെ സമാപനത്തോടെ വായന അവസാനിപ്പിക്കാതെ അത് തുടർന്ന് കൊണ്ടേയിരിക്കണം. കഴിഞ്ഞ അമ്പത് വർഷത്തിനിടയിൽ നമ്മുടെ രൂപതയും ഈ രൂപത ഉൾക്കൊള്ളുന്ന പ്രദേശങ്ങളും എല്ലാ മേഖലകളിലും വലിയ

പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ പ്രക്രിയയിൽ നമ്മുടെ രൂപതയിലെ വൈദികരുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സമർപ്പിത സമൂഹങ്ങളുടെയും പങ്ക് വലുതാണ്. നാമിന്ന് കാണുന്ന വികസനത്തിലും മാറ്റത്തിലും ഭൂരിഭാഗവും ആനന്ദകരമായിരുന്നെങ്കിലും അല്ലാത്തവയും ഉണ്ടായിട്ടുണ്ട്. ആനന്ദകരമായവയെ പ്രതി നമുക്ക് ദൈവത്തിന് നന്ദി പറയാം. അല്ലാത്തവയിൽ നിന്ന് പാഠം ഉൾക്കൊണ്ട് മുമ്പോട്ടുള്ള പാത സുഗമമാക്കുകയും ചെയ്യാം.

ഇതുവരെ നമ്മെ കൈപിടിച്ച് നടത്തിയ പിതാവായ ദൈവത്തിനും കുരിശിലെ ആത്മബലി നമ്മളെ വീണ്ടും ദൈവമക്കളാക്കിയ ഈശോയിലും നിരന്തരം നമ്മുടെ ജീവിതത്തെ പ്രകാശിപ്പിക്കുന്ന പരിശുദ്ധാത്മാവിനും നന്ദി പറയാം. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായും നമ്മുടെ രൂപതയുടെ മധ്യസ്ഥയായ പരിശുദ്ധ കന്യാമറിയവും നമ്മുടെ മാതൃ രൂപതയുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവും നമ്മുടെ വഴികാട്ടികളും മധ്യസ്ഥരുമായിരിക്കട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2023 ഏപ്രിൽ മാസം 9ന് നൽകപ്പെട്ടത്.

യേശുവിൽ

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2023 ഏപ്രിൽ മാസം 23 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. അതോടൊപ്പം ഇടവക സംഘടനകൾ, സമർപ്പിതസമൂഹങ്ങൾ തുടങ്ങിയവരുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് പോസ്റ്റ് ചെയ്യാനും അഭ്യർത്ഥിക്കുന്നു.

# സർക്കുലർ

**Prot. No. 27556/2023**
**Circular No. 4/2023**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദൈവാലയ ഗായക സംഘങ്ങൾക്കായി നടത്തിയ വെബിനാറിന്റെ പശ്ചാത്തലത്തിൽ, ആരാധനാക്രമസംഗീതത്തെപ്പറ്റി മുൻ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവ് 2006 ഡിസംബർ 4 ന് പുറപ്പെടുവിച്ച ഇയലേഖനം ഈ വിഷയത്തിന്റെ കാലിക പ്രാധാന്യം കണക്കിലെടുത്ത് പുനഃപ്രസിദ്ധീകരിക്കുന്നു. ഇടവകകളിൽ ആരാധനാക്രമഗീതങ്ങളുടെ ചുമതലയുള്ളവർ ഇവയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുന്നു.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

Prot. No. 1066/2006

*സീറോമലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ കർദ്ദിനാൾ വർക്കി വിതയത്തിൽ തന്റെ സഹപ്രവർത്തകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ആരാധനാക്രമ സംഗീതത്തെക്കുറിച്ചുള്ള പാരമ്പര്യത്തെ ഒരമൂല്യ നിക്ഷേപമായിട്ടാണ് തിരുസഭ എന്നും കരുതിപ്പോന്നിട്ടുള്ളത്. മറ്റേത് കലയേക്കാളും സംഗീതം സഭയിൽ വിലമതിക്കപ്പെടുന്നു. വിശുദ്ധ സംഗീതം ആരാധനാക്രമത്തിന്റെ അഭേദ്യവും അപരിത്യജ്യവുമായ ഭാഗമായതുകൊണ്ടാണ് ഉന്നതമായ സ്ഥാനം സംഗീതത്തിന് നൽകപ്പെട്ടിരിക്കുന്നതെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആരാധനാക്രമത്തെപ്പറ്റിയുള്ള പ്രമാണരേഖ ഓർമ്മിപ്പിക്കുന്നു

(ആരാധനക്രമം, 112). ഈ പ്രാധാന്യത്തെപറ്റിയുള്ള അവബോധമാണ്. വി. പത്താം പീയൂസ്, വി. പന്ത്രണ്ടാം പീയൂസ്, വി. ജോൺപോൾ രണ്ടാമൻ തുടങ്ങിയ മാർപ്പാപ്പമാർ ആരാധനാ സംഗീതത്തെപ്പറ്റി പ്രബോധനരേഖകൾ പ്രസിദ്ധപ്പെടുത്തുവാൻ കാരണമായത്. ആരാധനക്രമ സംഗീതത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ മെത്രാന്മാരെ ആഹ്വാനം ചെയ്തിട്ടുണ്ട്. ഗായകസംഘങ്ങള പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ദൈവാലയത്തിന്റെ പരിശുദ്ധിക്കിണങ്ങുന്ന ഗീതാലാപനം നടത്താൻ അവരെ ഉദ്ബോധിപ്പിക്കണമെന്നും അദ്ദേഹം മെത്രാന്മാരെ ഓർമ്മിപ്പിച്ചു. അതേസമയം, സഭാധികാ

രികൾ തുടർച്ചയായി ആഹ്വാനം ചെയ്തിട്ടും ഇക്കാര്യത്തിൽ പലരും ശ്രദ്ധക്കുറവു കാണിക്കുന്നതിൽ അദ്ദേഹം ഒരിക്കൽ തന്റെ ദുഃഖവും അറിയിക്കുകയുണ്ടായി. ബെനഡിക്റ്റ് 16 -ാമൻ മാർപാപ്പ ഇതേപ്പറ്റി വ്യക്തമായ വീക്ഷണങ്ങൾ സഭയ്ക്ക് നൽകിയിട്ടുണ്ട്.

നമ്മുടെ സഭയുടെ കാക്കനാട്ടുള്ള കേന്ദ്രകാര്യാലയത്തിൽ പ്രവർത്തിക്കുന്ന ലിറ്റർജിക്കൽ റിസർച്ച് സെന്റർ ദൈവാലയ സംഗീതത്തെപ്പറ്റി നടത്തിയ പഠനശിബിരത്തിൽ ഇന്നത്തെ സംഗീതരീതിയുടെ പല വൈകല്യങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2006 ആഗസ്റ്റിൽ നടന്ന മെത്രാന്മാരുടെ സിനഡിലും ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി. കൂടാതെ അനേകം വൈദികരും സന്യസ്തരും അല്മായരും ഈ വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതിനെപ്പറ്റി പലവുരു ആവശ്യപ്പെട്ടിട്ടുണ്ട്.

ആരാധനക്രമഗീതങ്ങൾ മുന്നു മാനദണ്ഡങ്ങൾ പാലിക്കണമെന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം അനുശാസിക്കുന്നു. പ്രാർത്ഥനയെ പ്രകടമാക്കുന്ന സൗന്ദര്യം, സമൂഹത്തിന്റെ ഒന്നിച്ചുള്ള ആലാപനം, ക്രമാനുഷ്ഠാനത്തിന്റെ ആഘോഷപൂർവ്വകമായ സ്വഭാവം എന്നിവയാണവ. CCC No. 1157, സീറോ മലബാർ സഭയുടെ കുർബാനപുസ്തകത്തിലെ പൊതുനിർദ്ദേശങ്ങളിൽ തിരുക്കർമങ്ങളിൽ സജീവമായി പങ്കെടുക്കുവാൻ സമൂഹത്തെ സഹായിക്കേണ്ട ദൗത്യമാണ് ഗായകസംഘത്തിന്റേതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, അംഗീകൃതമായ ഗീതങ്ങളും രീതികളും മാത്രമേ ഉപയോഗിക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട് (പൊതുനിർദ്ദേശങ്ങൾ നമ്പർ 15).

ഓരോ പ്രദേശത്തിന്റെയും സാംസ്കാരിക രീതികൾക്കനുസൃതമായി ഗീതാലാപനം നടത്തുന്നതിൽ സഭയ്ക്കു വിരോധമില്ല. അതുപോലെതന്നെ ആധുനിക ഗീതാലാപനത്തോടും, എന്നാൽ അവ മനുഷ്യഹൃദയങ്ങളെ ദൈവത്തിങ്കലേക്കും ദൈവികകാര്യങ്ങളിലേക്കും ഉയർത്താൻ പോരുന്നവ ആയിരിക്കണം. സംഗീതോപകരണങ്ങളുടെ കാര്യത്തിലും ഇതു ബാധകമാണ്. ദൈവാലയത്തിന്റെ മഹത്വത്തിനും വിശ്വാസികളുടെ ആത്മീയാഭിവൃദ്ധിക്ക് ഉതകുന്നില്ലെങ്കിൽ, ആരാധനാക്രമസംഗീതം ഉദ്ദേശിക്കുന്ന ലക്ഷ്യം സാധിക്കുകയില്ല. വി. അഗസ്റ്റിൻ പറഞ്ഞിരിക്കുന്നതുപോലെ ഗീതാലാപനം ഇരട്ടി പ്രാർത്ഥിക്കാൻ സഹായിക്കുന്നതായിരിക്കണം.

ആരാധനക്രമ ഗീതങ്ങളെ അതീവ ജാഗ്രതയോടെ പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യണമെന്ന് സഭ ആഗ്രഹിക്കുന്നു. അതിനുള്ള നല്ലൊരു മാർഗ്ഗം ഗായകസംഘാംഗങ്ങൾക്ക് ശരിയായ പരിശീലനം നൽകുന്നതാണ്. അതേസമയം, തിരുക്കർമ്മങ്ങൾ ഗാനാലാപനത്തോടെ നടത്തുന്ന അവസരങ്ങളിൽ വിശ്വാസികൾക്ക് അവരുടേതായ ഭാഗഭാഗിത്വം ഉണ്ടായിരിക്കുകയും വേണം. ഗീതങ്ങളുടെ രചന, വാദ്യോപകരണങ്ങൾ, ഗായകർ, ആലാപനം എന്നിവയെപ്പറ്റി സഭയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഇതു സംബന്ധിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാർഹങ്ങളാണ്. ജനങ്ങളുടെ സജീവഭാഗഭാഗിത്വത്തോടെ വേണം തിരുക്കർമ്മങ്ങൾ സംഗീതത്താൽ ആകർഷകമാക്കാനെന്ന് സൂനഹദോസ് നിർബന്ധപൂർവ്വം ആവശ്യപ്പെടുന്നു. തിരുക്കർമ്മവിധികളുടെ നിബന്ധനകൾക്കനുസരിച്ച് വിശ്വാസികളുടെ ശബ്ദം മുഴങ്ങികേൾക്കത്തക്കവിധം മതാത്മകഗീതങ്ങൾ ആലപിക്കുന്ന രീതി വൈദഗ്ദ്ധ്യപൂർവ്വം പരിപോഷിപ്പിക്കുവാൻ സഭ കടപ്പെട്ടിരിക്കുന്നു. (ആരാധനാക്രമം, 113, 114, 118, 121).

തിരുക്കർമ്മഗീതങ്ങൾ രജിക്കുന്നവർ ക്രിസ്തീയ ചൈതന്യത്താൽ നിറഞ്ഞവരായിരിക്കണം. രചനകളിൽ ആരാധനാക്രമ സംഗീതത്തിന്റെ ഗുണങ്ങൾ നിറഞ്ഞു നിൽക്കണം. മാത്രമല്ല. അവ കത്തോലിക്കാ വിശ്വാസസത്യങ്ങളോട് പൊരുത്തപ്പെടുന്നവയും വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും ആരാധനാക്രമത്തിന്റെ ഉറവിടങ്ങളിൽ നിന്നും ചൈതന്യം ഉൾക്കൊള്ളുന്നവയും ആയിരിക്കണം (ആരാധനാക്രമം, 121), ബെനഡിക്ട് 16-ാമൻ മാർപാപ്പ 'ലിറ്റർജിയുടെ ചൈതന്യം' എന്ന പുസ്തകത്തിൽ ഇപ്രകാരം എഴുതി. ഇപ്പോൾ സംഗീതം പ്രാർത്ഥനയിൽ നിന്നല്ല ജന്മമെടുക്കുന്നത് എന്നു മാത്രമല്ല, കലാപരമായ സ്വയംഭരണാവകാശം വേണമെന്ന നിലപാടിനോടോപ്പം അതിപ്പോൾ ആരാധനാക്രമത്തിൽനിന്ന് അകന്നു പോവുകയുമാണ്.

ആരാധനക്രമ സംഗീതവും ഗാനമേളയും തമ്മിൽ വ്യത്യാസമുണ്ടെന്ന വസ്തുത നാം അറിഞ്ഞിരിക്കണം. ഗാനമേളയിലുപയോഗിക്കുന്ന ബഹളമയമായ ചില ഉപകരണങ്ങൾ ദൈവാലയാന്തരീക്ഷത്തിന് ചേരുന്നവയോ പ്രാർത്ഥനയ്ക്കു സഹായിക്കുന്നവയോ അല്ല. അത്തരം ഉപകരണങ്ങൾ വിശ്വാസികളുടെ ശബ്ദത്തെ

മുക്കിക്കളയുവാൻ ഇടയാക്കുമെന്നു മാത്രമല്ല. പ്രാർത്ഥനയ്ക്ക് തടസ്സമായിത്തീരുകയും ചെയ്യും.

ദൈവാലയ സംഗിത രചയിതാക്കളും അവ ആലപിക്കുന്ന വരും സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നവരും സഭയിൽ സുപ്രധാനമായ ഒരു ശുശ്രൂഷ നിർവ്വഹിക്കുന്നവരാണെന്ന് പന്ത്രണ്ടാം പീയൂസ് മാർപാപ്പ പ്രസ്താവിക്കുകയുണ്ടായി. അവർ ദൈവജനത്തെ നന്നായി പ്രാർത്ഥിക്കുവാൻ സഹായിക്കുന്നതി നാൽ ദൈവം അവർക്ക് പ്രതിഫലം നൽകുമെന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ട്, ആരാധനക്രമത്തിന്റെ മഹത്വത്തിന് ചേരാത്തതായ ഒന്നും രചനയിലും ആലാപന രീതിയിലും സംഗീതോ പകരണങ്ങളിലും ഉണ്ടാകാൻ പാടില്ല. ദൈവാലയ സംഗീതവു മായി ബന്ധപ്പെട്ടവർ കലാകാരന്മാർ മാത്രമല്ല, ദൈവാലയത്തിലെ ശുശ്രൂഷികളുമാണ്. ഈ വിളിക്കനുസൃതമായി ജീവിക്കുവാൻ അവർ കടപ്പെട്ടിരിക്കുന്നു. സഭയിൽ അംഗങ്ങളായിരിക്കുന്നതോ ടൊപ്പം, സഭാത്മക മനോഭാവം ഉൾക്കൊള്ളുക കൂടി ചെയ്യുന്നവർക്കേ ആരാധനക്രമ സംഗീതത്തിൽ ശരിയായ രീതിയിൽ പങ്കെടുക്കു വാൻ കഴിയൂ എന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പ്രസ്താ വിച്ചിട്ടുണ്ട്.

ദൈവാലയ സംഗീതത്തെപ്പറ്റിയുള്ള സഭയുടെ വീക്ഷണ ത്തിന്റെ വെളിച്ചത്തിൽ നമ്മുടെ സഭയിലെ ആരാധനക്രമ സംഗീത ശൈലിയിൽ മാറ്റങ്ങൾ വരുത്തുക ആവശ്യമാണ്. അതിനുതകുന്ന നിർദ്ദേശങ്ങളോടു പൂർണ്ണമായി സഹകരിച്ച് പ്രാർത്ഥനാനുഭവ മാക്കിത്തീർക്കാൻ ഇതുമായി ബന്ധപ്പെട്ട എല്ലാവരും ആത്മാർത്ഥ മായി ഉത്സാഹിക്കണമെന്ന് സഭയുടെ നാമത്തിൽ ഞാൻ അഭ്യർ ത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെയുണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള ശേഷം മെത്രാപ്പോലീത്ത കാര്യാലയത്തിൽ നിന്ന് 2006 മാണ്ട് ഡിസംബർ മാസം 4-ാം തിയതി നൽകപ്പെട്ടത്.

**കർദ്ദിനാൾ വർക്കി വിതയത്തിൽ**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്

NB: ഈ ഇടയലേഖനവും താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങളും 2023 ന് മെയ് മാസം 7-ാം തിയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. അതുപോലെ തന്നെ ഇടവകകൾ, സംഘടനകൾ സമർപ്പിത സമൂഹങ്ങൾ എന്നിവയുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് ഫോർവേഡ് ചെയ്യാനും അഭ്യർത്ഥിക്കുന്നു.

സീറോ മലബാർ ലിറ്റർജിക്കൽ റിസർച്ചു സെന്റർ ആരാധനാക്രമ സംഗീതത്തെക്കുറിച്ചു നടത്തിയ ഗവേഷണ സെമിനാറിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളിൽ സിനഡ് ചർച്ച ചെയ്തു പാസ്സാക്കിയവതാഴെ ചേർക്കുന്നു.

1. സീറോമലബാർ സഭയുടെ ആരാധനക്രമ സംഗീതഗ്രന്ഥം ലിറ്റർജിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കണം.

2. ലിറ്റർജിക്കൽ കമ്മീഷന് ആരാധനക്രമ സംഗീത ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ വേണ്ടി അതാതു രൂപതകൾ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിക്കുന്ന ഗീതങ്ങൾ അയച്ചു കൊടുക്കണം. അപ്രകാരമുള്ള ഗീതങ്ങൾ കമ്മീഷൻ അംഗീകരിക്കുന്നവ പ്രസിദ്ധീകരിക്കുവാനുള്ള പകർപ്പവകാശം രൂപതകൾ കമ്മീഷന് നൽകേണ്ടതാണ്.

3) അംഗീകരിച്ച ഗീതങ്ങൾ മാത്രമേ ആരാധനാക്രമത്തിൽ ഉപയോഗിക്കാവൂ.

4) സമൂഹം ഒത്തൊരുമിച്ച് ആലപിക്കുന്ന ഗാനരീതിയായിരിക്കണം ആരാധനക്രമത്തിന് ഉപയോഗിക്കേണ്ടത്. പുതിയ ഗീതങ്ങൾ ഉപയോഗിക്കുമ്പോൾ ജനങ്ങളെ പരിശീലിപ്പിക്കുവാൻ ഗായക സംഘം ശ്രദ്ധിക്കേണ്ടതാണ്.

5) സമൂഹത്തിന്റെ ഗാനാലാപനത്തിന് തടസ്സമാകുന്നവിധത്തിൽ റെക്കോർഡ്ഡുചെയ്തിട്ടുള്ള പാട്ടുകൾ ഫ്ളോപ്പികളോ ടേപ്പുകളോ, പെൻ ഡ്രൈവുകളോ ആരാധനാക്രമത്തിന് ഉപയോഗിക്കാതിരിക്കുവാനും സംഗീതോപകരണങ്ങളും ശബ്ദക്രമീകരണവും ആരാധനാക്രമ ചൈതന്യത്തിന് ഉതകുന്ന വിധത്തിലാകുവാനും പ്രത്യേക നിർദ്ദേശം നൽകേണ്ടിയിരിക്കുന്നു.

6) ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും രൂപതാതലത്തിൽ ഏകീകരിക്കുവാനും ആവശ്യകമായ സംവിധാനങ്ങൾ ക്രമീകരിക്കണം. രൂപതാതലത്തിൽ ഗായകസംഘങ്ങൾക്ക് ആരാധനാക്രമസംഗീത പരിശീലനം നൽകുകയും വേണം.

7) ആരാധനാക്രമ സംഗീതരചനയിൽ ദൈവശാസ്ത്ര ചൈതന്യം നിലനിർത്തുന്നതോടൊപ്പം കാവ്യഭംഗിയും ഉൾക്കൊള്ളിക്കണം. പൈതൃകമായ സുറിയാനി ഗാനങ്ങൾ നിലനിർത്തുകയും അതോടൊപ്പം കർണ്ണാട്ടിക്, ഹിന്ദുസ്ഥാനി രീതികളും നടപ്പിലാക്കുകയും വേണം.

8) രൂപതയിൽ മാതൃകാ ഗായക സംഘങ്ങൾക്ക് രൂപം നൽകണം.

9) സെമിനാരികളിലും സന്യസ്ത പരിശീലന കേന്ദ്രങ്ങളിലും ആരാധനാക്രമ സംഗീത പരിശീലനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

10) സഭാതലത്തിൽ റിസർച്ചു സെന്ററിന്റെ നേതൃത്വത്തിൽ ആരാധനാക്രമ സംഗീതത്തെ ചൈതന്യവത്താക്കുവാൻ പരിശ്രമിക്കണം. കൂടാതെ, പഠനത്തിനും ഗവേഷണത്തിനും ഉപയുക്തമായ വിധത്തിൽ ആരാധനാഗീതങ്ങളുടെ ഒരു സമാഹാരം ഡോക്യുമെന്റേഷൻ സെന്ററിൽ ഉണ്ടായിരിക്കണം.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

മെയ് 7 നു ബഹു. ജോസ് മുണ്ടയ്ക്കൽ അച്ചന്റേയും മെയ് 9ന് ബഹു. ജോൺ പുത്തൻപുര അച്ചന്റേയും ഒന്നാം ചരമവാർഷികവും മെയ് 20 ന് ബഹു. ജോസഫ് തൊണ്ടിപറമ്പിലച്ചന്റെയും മെയ് 27 ന് ബഹു. ജോസഫ് മേമന അച്ചന്റെയും മെയ് 29 ന് ബഹു. ഫ്രാൻസിസ് ഞള്ളമ്പുഴ CMI അച്ചന്റെയും ജൂൺ 3 ന് ബഹു. മാത്യു കൊല്ലിത്താനത്ത് അച്ചന്റെയും ചരമവാർഷികങ്ങൾ ആണ്. ഈ വൈദികരെ നമ്മുടെ വി. ബലികളിലും പ്രാർത്ഥന കളിലും പ്രത്യേകം അനുസ്മരിക്കാം.

**മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി സമാപനം - ഒരുക്കങ്ങൾ പൂർത്തിയായി**

മാനന്തവാടി രൂപത സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനം 2023 മെയ് മാസം ഒന്നാം തിയ്യതി തിങ്കളാഴ്ച നടത്തപ്പെടുകയാണ്. ചടങ്ങുകൾ മെയ് ഒന്നാം തിയ്യതി രാവിലെ 9.00 ന് വി. കുർബാനയോടെ പാസ്റ്ററൽ സെന്ററിൽ ആരം ഭിക്കും.11 മണിക്ക് പൊതുസമ്മേളനം ആരംഭിക്കും. അന്നേ ദിവസം ഭാരതത്തിന്റെ അപ്പസ്തോലിക്ക് ന്യുൺഷ്യോ മോസ്റ്റ് റവ. ലെയേപ്പോൾദോ ജിറെല്ലിയും മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവും പ്രധാന അഥിതികളായിരിക്കും. അഭിവന്ദ്യ പിതാക്കന്മാരുടെയും രാഷ്ട്രീയ സാമൂഹിക മേഖലകളിൽ ഉള്ളവരുടെയും സാന്നിധ്യം സമാപന സമ്മേളത്തിന് ശോഭകൂട്ടും. ജനോപകാര പ്രദമായ വിവിധ പദ്ധതികളുടെ ഉത്ഘാടനവും അന്നേ ദിവസം നടക്കും. സമാപന ചടങ്ങുകൾ മനോഹരമാക്കുവാൻ വിവിധ കമ്മറ്റികൾ അക്ഷീണം പ്രയത്നിച്ചിട്ടുണ്ട്.

**ബഹു. വൈദികരുടെ സ്ഥലം മാറ്റം**

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് 13 ശനിയാഴ്ചയാണ്. മെയ് 14 ന് ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ഉത്തരവാദിത്വം ഏറ്റെടുക്കണം. വികാരി മാറ്റ റിപ്പോർട്ട് ഫോറം സ്ഥലം മാറ്റമുള്ള എല്ലാ വൈദികർക്കും ലഭി

ക്കുന്നതാണ്.(ആർക്കെങ്കിലും ഏതെങ്കിലും കാരണത്താൽ കിട്ടാതെ പോയാൽ രൂപതാ കേന്ദ്രത്തിൽ ലഭ്യമാണ്). അടിയന്തിര ശ്രദ്ധ ആവശ്യമുള്ള കാര്യങ്ങൾ പുതുതായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന വൈദികന് മനസ്സിലാക്കാനും കൂടുതൽ കാര്യക്ഷമമായി അജപാലന ശുശ്രൂഷ നിർവ്വഹിക്കുന്നതിനും ഈ സ്ഥലം മാറ്റ റിപ്പോർട്ട് സഹായകരമാകണം. അതിന് സ്ഥലം മാറി പോകുന്ന വികാരി അൽപം ത്യാഗപൂർവ്വം സമയം കണ്ടെത്തി അജപാലനരംഗം സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി സ്ഥലം മാറ്റ റിപ്പോർട്ട് തയ്യാറാക്കണം. പുതുതായി വരുന്ന വികാരിയും നടത്തുകൈക്കാരനും ഈ റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കുകയും ഒരു കോപ്പി രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരികയും ചെയ്യുമല്ലോ. പള്ളിയുടെ / സ്ഥാപനത്തിന്റെ പ്രധാന രേഖകൾ, ബാങ്കിടപാടുകൾ എന്നിവ കാലോചിതമായി പുതുക്കി സ്ഥലം മാറിവരുന്ന വൈദികനെ ഏൽപ്പിക്കേണ്ടതാണ്.

ദൈവമഹത്വത്തിനും ദൈവജനത്തിന്റെ നന്മയ്ക്കുമായി വിവിധ ശുശ്രൂഷാമേഖലകളിൽ പ്രവർത്തിച്ചശേഷം സ്ഥലം മാറുന്ന എല്ലാ ബഹു. വൈദികർക്കും പുതിയ സ്ഥലങ്ങളിൽ ധാരാളം ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു. മാറിപോകുന്ന സ്ഥലങ്ങളിൽ അനുഷ്ഠിച്ചുകൊണ്ടിരുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. പുതിയ ചൈതന്യത്തോടും വർദ്ധിച്ച തീക്ഷ്ണതയോടും കൂടെ പുതിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ നല്ല ഇടയനായ ഈശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

## വൈദിക സമ്മേളനം - റിപ്പോർട്ട്

മാനന്തവാടി രൂപത വൈദികരുടെ ഒരു സമ്മേളനം 2023 മാർച്ച് 27 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ബഹു. ജെറിൻ പൊയ്കയിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് രൂപതാ വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ സ്വാഗതം ആശംസിച്ചു. രൂപതയിലെ നവവൈദികരെ വൈദിക കൂട്ടായ്മയിലേക്ക് പ്രത്യേകമായി സ്വാഗതം ചെയ്തു. തുടർന്ന് വൈദിക കൂട്ടായ്മയുടെ പ്രസക്തിയെപ്പറ്റി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് ആമുഖ പ്രഭാഷണം നടത്തി.

2022-2023 വർഷത്തെ വാർഷിക കണക്ക് രൂപതാ പ്രൊക്കുറേറ്റർ ഫാ. ബിജു പൊൻപാറക്കൽ അവതരിപ്പിക്കുകയും 2023 -2024 വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കുകയും ചെയ്തു. രൂപതയുടെ പൊതുവായ സാമ്പത്തിക സ്ഥിതിയെപ്പറ്റി വിലയിരുത്തുകയും ഭാവിയിൽ രൂപതയുടെ മുന്നോട്ടുള്ള യാത്രയ്ക്ക് സാമ്പത്തിക വരുമാനം കണ്ടെത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണെന്നും യോഗം അഭിപ്രായപ്പെട്ടു.

മാനന്തവാടി രൂപതാ ജൂബിലി സമാപനത്തിന്റെ ഒരുക്കങ്ങളെപ്പറ്റിയും ദൈവികരുടെ ഫാമിലി ഗ്യാതറിങ്ങിനെപ്പറ്റിയും ജൂബിലി കൺവീനർ ബഹു. ബിജു മാവറ അച്ചൻ അറിയിച്ചു. പഞ്ചാബ് മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ രൂപതാ മിഷൻ കോർഡിനേറ്റർ ബഹു. സജി നെടുങ്കല്ലേൽ അച്ചൻ വിവരിച്ചു. രണ്ടു മിഷൻ സ്റ്റേഷനുകളിലായി 3 വൈദികർ സേവനം ചെയ്യുന്നുണ്ടെന്നും എല്ലാമാസവും 1 ലക്ഷം രൂപ വീതം അവിടെ ചിലവുകളുണ്ടെന്നും പഞ്ചാബിലെ മിഷൻ പ്രവർത്തങ്ങൾക്കുവേണ്ടി സാമ്പത്തികമായ സഹായ ആവശ്യമാണെന്നകാര്യവും അച്ചൻ സൂചിപ്പിച്ചു.

തുടർന്ന് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മാനേജർ ഫാ. സിജോ എളംകുന്നപ്പുഴ കോർപ്പറേറ്റിന്റെ കണക്കുകൾ അവതരിപ്പിക്കുകയും വൈദികരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

തുടർന്ന് എ.കെ.സി.സിയുടെ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിവരിക്കുകയും 2023 ഏപ്രിൽ 23 നു ദ്വാരകയിൽ നടക്കുന്ന സംസ്ഥാന സമ്മേളനത്തിലേക്ക് എല്ലാ വൈദികരെയും ക്ഷണിക്കുകയും ഇടവക കളിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

പൗരാവകാശങ്ങളും വനം വന്യജീവി നിയമങ്ങളും എന്ന പഠന ശിബിരത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ നയ രേഖ ബഹു. ഫാ. ജോസ് കൊച്ചറക്കൽ അച്ചൻ, അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. എല്ലാ വൈദി കർക്കും ഓരോ കോപ്പി വീതം നൽകുകയും ചെയ്തു.

തുടർന്ന് ബഹു. അഖിൽ ഉപ്പുവീട്ടിൽ അച്ചൻ നേതൃത്വം കൊടുത്ത *ഗാഗുൽത്താ* എന്ന ആൽബം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പ്രകാശനം ചെയ്തു. രൂപതയിലെ വിവിധ വൈദികർ ഈ ആൽബത്തിൽ ഗാനം ആലപിച്ചിട്ടുണ്ട്. തുടർന്ന് നടന്ന പൊതുവായ ചർച്ചയിൽ വൈദികർ സജീവമായി പങ്കെ ടുത്തു. ബഫർസോൺ പ്രശ്നത്തിൽ കൂടുതൽ ഇടപെടുവാനും ക്രൈസ്തവമൂല്യങ്ങളെ താഴ്ത്തി കാണിക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങളെഅപലപിക്കുവാനും കുരിശിനെ അപമാനിച്ച സംഭവത്തിന് രൂപതയുടെ പ്രതിഷേധം അറിയിക്കുവാനും തീരു മാനിച്ചു. മിഷൻ ലീഗ് പഞ്ചാബ് മിഷനുവേണ്ടി ഏഴര ലക്ഷം രൂപ നൽകുമെന്ന് ബഹു. മനോജ് അമ്പലത്തിങ്കൽ അച്ചൻ അറിയിച്ചു. ഒപ്പം മതബോധന ഡിപ്പാർട്ട്മെന്റും മിഷനുവേണ്ടി സംഭാവന നടത്താം എന്ന് ബഹു. തോമസ് കച്ചിറ അച്ചനും അറിയിച്ചു.

സമാപന സന്ദേശത്തിൽ, ജൂബിലി വർഷത്തിൽ ദൈവം തന്ന എല്ലാ നന്മകൾക്കും നന്ദി പറഞ്ഞുകൊണ്ട് ജൂബിലി സമാപനത്തി നായി ഒരുങ്ങാൻ പിതാവ് എല്ലാരേയും ക്ഷണിച്ചു. സുവർണ്ണ ജൂബിലി സമാപനത്തെപ്പറ്റിയും, രൂപതയിൽ ആരംഭിക്കുന്ന മരിയൻ പിൽഗ്രിമേജിനെപ്പറ്റിയും ദേവാലയ സംഗീതവുമായി ബന്ധപ്പെട്ട് രൂപതയിൽ ഇറക്കിയിരിക്കുന്ന പുതിയ ഗാനങ്ങളെപറ്റിയും പിതാവ് സംസാരിച്ചു. ബഹു. തോമസ് മണക്കുന്നേൽ അച്ചൻ എല്ലാവർക്കും നന്ദി പറയുകയും യോഗം 1. 30 നു അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**

ചാൻസലർ

# For Information

## Dismissal

As per communication from the Provincial Superior of the Congregation of the Missionaries of Our Lady of La Salette, it is hereby brought to the attention of all that Rev. Fr. Anoop Mathew Chakkittakudiyil MS, originally belonging to St. Mary's Church, Parathottam in the eparchy of Mananthavdy, until now a member of the Missionaries of Our Lady of La Salette and belonging to La Salette Matha Province India has been dismissed from the said congregation by its Superior General due to disobedience to the competent superiors and illegal reception of Sacred Ordination to Priesthood. Therefore he is dispensed from the obligation of his perpetual profession and is free from all the obligations to the congregation. He is suspended from the exercise of all the faculties of Sacred Orders. Therefore he shall not be admitted for exercise of any of those faculties anywhere inside the eparchy of Mananthavady.

## Suspension

As per communication from the Provincial Superior of the Pavamatma province of the Order of Friar Minors Capuchin, it is hereby brought to the attention of all that Rev Fr Stephinson Ayikkaramattam OFM Cap, belonging to St. Sebastian Church, Cherukattoor in the eparchy of Mananthavady, until now a member of the said Order has informed the competent superiors, has been suspended from the exercise of all his priestly faculties with immediate effect. Until otherwise provided, his priestly faculties remain suspended and he shall not be admitted for exercise of any of those faculties anywhere inside the eparchy of Mananthavady.

Issued from the office of the Curia of the eparchy of Mananthavady on 20th April 2023.

**Chancellor**

## HCC സേ പരീക്ഷ

HCC 2 ൽ പരീക്ഷ എഴുതി പരാജയപ്പെട്ട കുട്ടികൾക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റ് വേണമെന്നുണ്ടെങ്കിൽ അടുത്ത അക്കാദമിക് വർഷത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്തു യൂണിവേഴ്സിറ്റി പരീക്ഷ എഴുതുവാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. നേരത്തെ അറിയിച്ചിരുന്നതുപോലെ ഇവർക്ക് സേ പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. HCC 1 ൽ പരീക്ഷയെഴുതി പാസാകാത്ത കുട്ടികൾക്ക് HCC 2 ലേക്ക് പ്രമോഷൻ ഉണ്ടായിരിക്കുന്നതാണ്. ഈ കുട്ടികൾക്കുള്ള സേ പരീക്ഷ മെയ് 27 ഞായറാഴ്ച ഇടവകകളിൽ നടത്തി ഉത്തരക്കടലാസ് ഇടവകകളിൽ നിന്ന് അധ്യാപകർ നോക്കി മാർക്ക് ജൂൺ 2 നുള്ളിൽ മതബോധന ഓഫീസിൽ എത്തിക്കേണ്ടതാണ്. സേ പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ രൂപത മതബോധന കേന്ദ്രത്തിൽ നിന്ന് നൽകുന്നതായിരിക്കും.

**ഫാ. തോമസ് കച്ചിറയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

**മോറിയ കുരിശടിയിലേക്ക്**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ 40-ാം വെള്ളിയാഴ്ച വൈകുന്നേരം 4.45 ന് കുറുമ്പാല ക്കോട്ട ശാഖയിൽ മോൺ. പോൾ മുണ്ടോളിക്കൽ അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. ബലിയും, തുടർന്ന് ദൈവാലയത്തിൽ നിന്നും കുരിശുമലയിലേയ്ക്ക് കുരിശിന്റെ വഴിയും നടത്തി. നോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ട് രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ ദിവ്യബലിയിലും കുരിശിന്റെ വഴിയിലും പങ്കെടുത്തു.

**ലഹരി വിരുദ്ധം മികച്ച ശാഖകൾ**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻ ലീഗും രൂപതാ ലഹരി വിരുദ്ധ സമിതിയും സംയുക്തമായി സംഘടിപ്പിച്ച ലഹരിവിദ്ധ മാസാചരണ പ്രവർത്തനങ്ങളിൽ കണിയാരം, നടവയൽ, ഒലിവുമല ശാഖകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കും കരിമ്പിൽ, കല്ലോടി, നരിവാലമുണ്ട, ചുള്ളിയോട് ശാഖകൾ പ്രോത്സാഹന സമ്മാനത്തിനും അർഹരായി. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കർഹരായവർക്ക് 5001, 3001, 2001 എന്ന ക്രമത്തിലും പ്രോത്സാഹന സമ്മാനത്തിന് അർഹരായവർക്ക് 1000 രൂപ വീതവും ക്യാഷ് അവാർഡ് നൽകി. ശ്രദ്ധാർഹമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

**സമ്മർ ഫെസ്റ്റ് ടീം മീറ്റിംഗ്**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സമ്മർ ഫെസ്റ്റ് 2023 എന്ന പേരിൽ നടത്തുന്ന അവധിക്കാല ക്യാമ്പിന് നേതൃത്വം നൽകുന്നവരുടെ മീറ്റിംഗ് 4-ാം തീയ്യതി ചൊവ്വാഴ്ച ദ്വാരക ഓഫീസിൽ വച്ച് കൂടി. ക്യാമ്പിന്റെ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ക്ളാസ്സുകൾ എടുക്കുന്നവർ അതിനുവേണ്ട ഒരുക്കങ്ങൾ നടത്തി.

**അൻപിന്റെ നോവ് ഈസ്റ്റർവിരുന്നായ്**

ഉത്ഥാന തിരുനാൾ ദിനത്തോടനുബന്ധിച്ച് കഴിഞ്ഞ അൻപതു ദിനങ്ങളിലായി നമ്മൾ ത്യാഗത്തിലൂടെ നന്മയുടെ പുണ്യങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യവുമായി ആചരിച്ച അൻപിന്റെ നോവ് ഈസ്റ്റർ വിരുന്നായ് മാനന്തവാടി രൂപതയിലെ മുഴുവൻ അഗതിമന്ദിരങ്ങളിലേയ്ക്കും എത്തിക്കാൻ കഴിഞ്ഞു. പണമായും മറ്റ് വസ്തുക്കളായും ഈസ്റ്റർ വിരുന്നിനോട് സഹകരിച്ച എല്ലാവർക്കും രൂപത സമിതിയുടെ നന്ദിയും, അഭിനന്ദനങ്ങളും അറിയിക്കുന്നു.

**സമ്മർ ഫെസ്റ്റ് - 2023**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സമ്മർ ഫെസ്റ്റ് 2023 എന്ന പേരിൽ നടത്തുന്ന അവധിക്കാല ക്യാമ്പിന് കല്പറ്റ മേഖലയിലെ എടപ്പെട്ടി ശാഖയിൽ തുടക്കം കുറിച്ചു. ഏപ്രിൽ 10,11 തീയ്യതികളിലായി നടന്ന ക്യാമ്പിന് ശാഖാ ഡയറക്ടർ അഡ്വ. ഫാ. ജോസഫ് തോമസ് തേരകം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഏപ്രിൽ 14, 15 നരിവാലമുണ്ട, 17, 18, 19 കൂളിവയൽ, 25, 26, 27 വൈത്തിരി, 28, 29, 30 തോമാട്ടുചാൽ, മെയ് 2, 3, 4 പടമല എന്നീ തീയ്യതികളിൽ ഈ ശാഖകളിലും അവധിക്കാല ക്യാമ്പുകൾ നടത്തി. കളിച്ചും, ചിരിച്ചും, പഠിച്ചും, നല്ല വ്യക്തിത്വങ്ങൾ രൂപപ്പെടുത്തിയും നൂറുകണക്കിന് കുഞ്ഞുമിഷനറിമാർ അവധിക്കാലം ഉത്സവമാക്കിമാറ്റി. ക്യാമ്പുകൾക്ക് നേതൃത്വം വഹിച്ചവരും വേണ്ട ക്രമീകരണങ്ങൾ നടത്തിയവരുമായ എല്ലാ രൂപത ടീം അംഗങ്ങൾക്കും ശാഖ നേതൃത്വങ്ങൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**റീജിയണൽ ക്യാമ്പ്**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വിവിധ റീജിയനുകളിലായ് ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു. തരിയോട്, പയ്യമ്പള്ളി, ദ്വാരക, കല്ലോടി എന്നീ മേഖലകളെ ഉൾകൊള്ളിച്ചുകൊണ്ട് ദ്വാരക റീജിയനായി തിരിച്ച് ഏപ്രിൽ 22, 23 തീയ്യതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിലും, നിലമ്പൂർ, മണിമൂളി മേഖലകളെ ഉൾകൊള്ളിച്ചുകൊണ്ട് മെയ് 5, 6, 7 തീയ്യതികളിലായ് നിലമ്പൂർ, മണിമൂളി, നീലഗിരി മേഖലകളെ ഉൾകൊള്ളിച്ചുകൊണ്ട് മണിമൂളി പാസ്റ്ററൽ സെന്ററിലും വച്ച് റീജിയണൽ

ക്യാമ്പുകൾ നടത്തി. ഭംഗിയായ് ക്യാമ്പ് നടത്താൻ സഹായിച്ച എല്ലാ ശാഖ മേഖല രൂപതാ നേതൃത്വങ്ങൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**രൂപതാ വാർഷികവും സുവർണ്ണജൂബിലി സമാപനവും**

മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ രൂപതാ വാർഷികവും സുവർണ്ണ ജൂബിലി ആഘോഷവും മാനന്തവാടി സെന്റ് പാട്രിക് സ്കൂളിൽ വച്ച് നടന്നു. വിൻസെന്റ് ഗിരിയിൽ (എസ്.സി.വി ജനറലേറ്റ്) നിന്ന് ആരംഭിച്ച പ്രേഷിത റാലിയോടെ വാർഷികത്തിന് തുടക്കം കുറിച്ചു. മെൽബൺ രൂപതയുടെ നിയുക്ത മെത്രാൻ അഭിവന്ദ്യ ജോൺ പനംതോട്ടത്തിൽ പിതാവ് വാർഷികം ഉദ്ഘാടനം ചെയ്തു. രൂപതയുടെ വിവിധ ശാഖകളിൽ നിന്നായി അഞ്ഞൂറോളം കുഞ്ഞുമിഷനറിമാർ പങ്കെടുത്ത പൊതു സമ്മേളനത്തിൽ മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. മനോജ് അമ്പലത്തിങ്കൽ ആമുഖ പ്രഭാഷണം നടത്തി ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡൻറ് ശ്രീ. ബിനീഷ് തുമ്പിയാംകുഴി അധ്യക്ഷത വഹിച്ചു. സമ്മാനദാനം, കലാപരിപാടികൾ, മാജിക്ഷോ എന്നിവ നടന്നു. മനോജ് അച്ചന്റെ നേതൃത്വത്തിലുള്ള രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പരിപാടികൾക്കു നേതൃത്വം നൽകി. സ്കൂൾ ക്യാമ്പസ്സും ഓഡിറ്റോറിയവും മറ്റ് സൗകര്യങ്ങളും വാർഷികത്തിനായ് വിട്ടുതന്ന് സഹകരിച്ച സെന്റ് പാട്രിക്സ് സ്കൂൾ മാനേജ്മെന്റിന് രൂപതാ കുടുംബത്തിന്റെ നന്ദി.

**ശാഖ വാർത്തകൾ**

**റിപ്പൺ:** പരീക്ഷ ഒരുക്ക സെമിനാർ നടത്തി. യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. ഇടവകയിലെ പ്രായം കൂടിയ ഒരു അപ്പച്ചനെ ഷാൾ അണിയിച്ച് ആദരിച്ചു. മതബോധന രംഗത്ത് +2 പൂർത്തിയാക്കിയ കുട്ടികൾക്ക് യാത്രയയപ്പ് നൽകി. നാല്പതാം വെള്ളിയാഴ്ച പ്രത്യേക ആരാധനയും കുരിശിന്റെ വഴിയും നടത്തി. കാരുണ്യ വഴിയെ മുന്നേറുവാനായി ഒരു കുടുംബത്തെയും ഒരു വൈദികനെയും ഒരു സിസ്റ്ററിനെയും സമർപ്പിച്ചു അവർക്കായി പ്രത്യേക പ്രാർത്ഥന നടത്തി.

**മരകാവ്:** മിഷൻ ലീഗ് അംഗങ്ങൾ ഭവനങ്ങൾതോറും കയറിയിറങ്ങി പണം സ്വരൂപിച്ച് അഗതിമന്ദിരത്തിൽ കൊടുത്തു.മിഷൻ ലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ ദേവാലയത്തിൽ നിന്നു തുടങ്ങി ഗത്സമേനി ഗ്രോട്ടോ വരെ കുരിശിന്റെ വഴി നടത്തി.

**കൊട്ടിയൂർ :** വി. യൗസേപ്പ് പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ജോസഫ് നാമധാരികൾക്കും മരപ്പണിക്കാർക്കും ആശംസകളും, സമ്മാനങ്ങളും നൽകി. മിഷൻലീഗ് അംഗങ്ങളുടെയും, അധ്യാപകരുടെയും നേതൃത്വത്തിൽ കപ്പുറം പ്രൊവിഡൻസ് ഹോം സന്ദർശനം നടത്തി. ഭക്ഷണ സഹായവും പ്രാർത്ഥന സഹായവും നൽകി. കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട കുടുംബത്തിന് ഈസ്റ്റർ കിറ്റ് വിതരണം ചെയ്തു.

**നരിവാലമുണ്ട:** നോമ്പിൽ എല്ലാ ഞായറാഴ്ചകളിലും കുരിശിന്റെ വഴി നടത്തി. രോഗിസന്ദർശനം നടത്തി. വചനചെപ്പ് തുറക്കാം, ലക്കി സ്റ്റാർ, ബൈബിൾ സ്റ്റാർ, പ്രാർത്ഥന മഞ്ജരി എന്നി പ്രോഗ്രാമുകൾ എല്ലാ ഞായറാഴ്ചകളിലും നടത്തി. ജ്ഞാനദീപം 2023 10,+1,+2 എക്സാമിന് തയ്യാറാവുന്ന കുട്ടികൾക്കായി പ്രാർത്ഥന പ്രോഗ്രാം സംഘടിപ്പിച്ചു. കുട്ടികൾക്കായി ദൈവവിളി ക്ലാസ് സംഘടിപ്പിച്ചു. വലിയ നോമ്പിന്റെ ചൈതന്യത്തിൽ തങ്ങളുടെ ത്യാഗത്തിന്റെ ഒരു തുക കാണിക്കയായി സമർപ്പിക്കുകയും അതുപയോഗിച്ച് ചോക്കാട് ശാന്തിസദൻ അന്തേവാസികൾക്ക് ഒരുനേരത്തെ ഭക്ഷണം നൽകുകയും മരുന്നിന് ആവശ്യമായ തുക നൽകുകയും 2 അന്തേവാസികളുടെ ജന്മദിനത്തോടനുബന്ധിച്ച് കേക്ക് മുറിച്ച് കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. രൂപത നടത്തിവരുന്ന സമ്മർഫെസ്റ്റ് ക്യാമ്പ് ശാഖയിൽ ഏപ്രിൽ 14,15,16 തീയതികളിൽ നടത്തി.

**കേളകം:** പത്താം ക്ലാസിലെ കുട്ടികൾക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. സി.എം.എൽ അംഗങ്ങളുടെ നേതൃത്വത്തിൽ പൊതിച്ചോറ് ശേഖരിക്കുകയും അഗതിമന്ദിരമായ മരിയ ഭവനിൽ എത്തിക്കുകയും ചെയ്തു.

**നിലമ്പൂർ:** വിശ്വാസ പരിശീലന ക്യാമ്പ് 14, 15 ഉത്സവ് 2023 തീയതികളിൽ നടത്തി. 5 മുതൽ 10 വരെ ക്ലാസുകൾക്കാണ് ക്യാമ്പ് നടത്തിയത്. ഇടവക വികാരി ഫാ. ബിജു തുരുത്തേൽ ഉത്ഘാടനം ചെയ്തു. ഫാ. റോബിൻസ് കുമ്പളക്കുഴി, ബിജു ചിറ്റേടത്ത്, സീന പുളിക്കത്തടം എന്നിവർ ക്ലാസ് എടുത്തു

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന്:** അമ്പായത്തോട് ശാഖയിൽ ക്യാൻസർ രോഗീ സഹായവും, പ്രാർത്ഥന സഹായവും നൽകി. മേഖലയുടെയും,

ചുങ്കക്കുന്ന് ശാഖയുടെയും സംയുക്താഭിമുഖ്യത്തിൽ കക്കുകളി നാടകത്തിനെതിരേ പ്രതിഷേധ പ്രകടനം സംഘടിപ്പിച്ചു. പ്രതിമാസ മത്സരങ്ങളായി അടിക്കുറിപ്പ്, കവിത രചന, ഉപന്യാസ രചന എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. മേഖലയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി. തുടർന്ന് വാർഷിക മാനേജിംഗ് കമ്മിറ്റിയും ചേർന്നു. നോമ്പുകാലത്ത് 'വലിയ ആഴ്ച്ചയിലൂടെ' എന്ന പേരിൽ പ്രോഗ്രാം സംഘടിപ്പിച്ചു. 2022-23 വർഷത്തെ വാർഷികാഘോഷവും പ്രേഷിത സംഗമവും നടന്നു. ആവേശോജ്വലമായ പ്രേഷിത റാലിയോടെ ആരംഭിച്ച പരിപാടികൾക്ക് കുഞ്ഞു പ്രേഷിതരുടെ വിവിധങ്ങളായ കലാവിസ്മയങ്ങളോടെ പരിസമാപ്തി കുറിച്ചു.

കർമ്മവീഥികളിലും കണ്ടുമുട്ടുന്നവരിലും ഉത്ഥിതന്റെ ശാന്തിയും സമാധാനവും പകർന്നേകി ചെമ്മഞ്ഞക്കൊടിക്കീഴിൽ വീണ്ടും നമുക്ക് അണിനിരക്കാം.

സ്നേഹപൂർവ്വം,
**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**ഇടവക ധ്യാനം**

2023 മാർച്ച് 30 വ്യാഴാഴ്ച മുതൽ ഏപ്രിൽ 1 ശനിയാഴ്ച വരെ പാമ്പ്ര–മരിയനാട് ഇടവകയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളുടെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി. മൂന്ന് ദിനങ്ങളിൽ വൈകുന്നേരങ്ങളിലായി നടത്തപ്പെട്ട ധ്യാന ശുശ്രൂഷകളിൽ ഇടവകാ ജനം മുഴുവൻ പങ്കുചേർന്നു. വചനപ്രഘോഷണം, ഗാനശുശ്രൂഷ, കൗൺസിലിംഗ്, കുമ്പസാരം, വിശുദ്ധ കുർബാന തുടങ്ങിയവയ്ക്ക് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസിതോമസ് സി.എം. സി, സി. ഡെൽഫി മരിയ സി.എം.സി, സി. എമിലിയ മാത്യൂസ് സി. എം.സി, എന്നിവർ നേതൃത്വം നൽകി. സി. പാവന, സി. ലില്ലി, സി. ഡീന എന്നിവർ കൗൺസിലിംങ്ങിനു നേതൃത്വം വഹിച്ചു. ഇടവക വികാരി ഫാ. പ്രവീൺ ഹോളി സ്പിരിറ്റിനും ധ്യാനത്തിൽ പങ്കെടുത്ത ദൈവജനത്തിനും നന്ദി.

**ജെ.പി. കമ്മ്യൂണിറ്റി ഗേൾസ് കോൺഫറൻസ്**

മാനന്തവാടി രൂപത യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2015 ൽ ആരംഭിച്ച ജീസസ്പ്രൊഫഷണൽസ് കമ്മ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ ബോയ്സ് ടൗണിൽ വച്ച് 2023 ഏപ്രിൽ 17 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ ഏപ്രിൽ 21 വെള്ളിയാഴ്ച വൈകുന്നേരം 3 മണി വരെ പെൺകുട്ടികൾക്ക് വേണ്ടിയുള്ള ജീസസ് പ്രൊഫഷണൽസ് കമ്മ്യൂണിറ്റിഗേൾസ് കോൺഫറൻസ് നടന്നു. തലശ്ശേരി, മാനന്തവാടി രൂപതകളിൽ നിന്നായി 77 വിദ്യാർ ഥിനികൾ പങ്കെടുത്തു. ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, സി. ആൻസി തോമസ് സി.എം.സി, സി. ഡെൽഫി മരിയ സി.എം.സി, സി. ക്രിസ്റ്റി, സി. പ്രിൻസി, സി. സാന്ദ്ര ജോർജ്, സി. ജിയ ആൻസ്, സി. റോസിൻ മരിയ, സി. സാന്ദ്ര മരിയ, സി. ജിൻസി എവുപ്രാസ്യ എന്നിവർ നേതൃത്വം നൽകി. ഫാ. ഡൊമിനിക്ക് വളകുടിയാങ്കൽ, ജോൺസൺ വടക്കേ ക്കര, അഡ്വക്കേറ്റ് ജിജിൽ കിഴക്കരക്കാട്ട്, ഷാജി ചന്ദനപറമ്പിൽ,

അജീഷ് ആലാറ്റിൽ, ഫാ. ബാബു ചക്യാത്ത്മൂള, വിൻസന്റ് വടക്കാഞ്ചേരി, എന്നിവർ റിസോഴ്സ് പേഴ്സൺസ് ആയിരുന്നു. കുട്ടികളുടെ ആധ്യാത്മികത, വൈകാരിക പക്വത, സാമാന്യമര്യാദകൾ, വ്യക്തിത്വവികസനം, യേശു ഏകദൈവം തുടങ്ങിയ വിഷയങ്ങളും, വിനോദത്തിനായി പടിഞ്ഞാറത്തറ ഡാം സന്ദർശനവും, പരസ്നേഹത്തിന് ഓസാനം ഭവൻ സന്ദർശനവും ജെ.പി. കമ്മ്യൂണിറ്റി ഗേൾസ് കോൺഫറൻസിന്റെ ഭാഗമായി നല്കി. അനുദിനം ഉള്ള വിശുദ്ധ കുർബാനയും ആരാധനയും വ്യത്യസ്തമായ പ്രാർത്ഥനാരീതികളും കുഞ്ഞുങ്ങൾക്ക് പ്രാർത്ഥന മനോഭാവം വളരുവാൻ സഹായകമായി. ബോയ്സ് ടൗണിലെ യൂത്ത് ട്രെയിനിംങ് സെന്റർ പരിശീലനത്തിനായി അനുവദിച്ചു തന്ന WSS ന്റെ സാരഥികളായ ഫാ. പോൾ കൂട്ടാല, ഫാ. ജിനോജ് പാലയ്ക്കാത്തടത്തിൽ, ഫാ. ബാബു ചക്യാത്തുമൂട എന്നിവർക്ക് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**ലൈഫ് ട്രെയിനിങ് 2018 ബാച്ച്**

2023 ഏപ്രിൽ പന്ത്രണ്ടാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ ഏപ്രിൽ 16 ഞായറാഴ്ച രാവിലെ 10 മണി വരെ മംഗലശ്ശേരി ഇടവകയിൽ വച്ച് ലൈഫ് 2018 ബാച്ചിന്റെ പരിശീലനം നടന്നു. 12 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് സി.എം.സി, സി. ഡെൽഫി മരിയ സി.എം.സി എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. പ്ലസ് വൺ വിദ്യാർഥികളായ ഇവർക്ക് ഇത് കൂടുതൽ ഉത്തേജനമേകി. കൂടാതെ ജീവിത ക്രമീകരണത്തിനും ആത്മീയ ജീവിതവളർച്ചയ്ക്കും പ്രസ്തുത പരിശീലനം സഹായകമായി.

**ലൈഫ് ട്രെയിനിങ് 2019, 2020**

2023 ഏപ്രിൽ 18 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 28 വെള്ളിയാഴ്ച വൈകുന്നേരം 3 മണി വരെ 2019, 20 ബാച്ചുകളുടെ പരിശീലനം നടന്നു. 25 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. ഫാ. ഡോമിനിക്ക് വളകുടിയാങ്കൽ, ജോൺസൺ വടക്കേക്കര, അഡ്വക്കേറ്റ് ജിജിൽ കിഴക്കരക്കാട്ട്, ഷാജി ചന്ദനപറമ്പിൽ, അജീഷ് ആലാറ്റിൽ, ഫാ. ബാബു ചക്യാത്ത്മൂട, വിൻസന്റ് വടക്കാഞ്ചേരി, ജസ്ലി ചെന്നലോട് എന്നിവർ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകി. യൂത്ത് മിനിസ്ട്രി ടീം പരിശീലനത്തിന് നേതൃത്വം നൽകി.

**ലൈഫ് ട്രെയിനിങ് റസിഡൻഷ്യൽ ക്യാമ്പ്**

ലൈഫ് 2023 ൽ അഡ്മിഷൻ എടുത്തിരിക്കുന്ന 7, 8, 9 ക്ലാസിലേക്കുള്ള വിദ്യാർത്ഥികളുടെ റെസിഡൻഷ്യൽ ക്യാമ്പ് ബോയ്സ് ടൗണിൽ വച്ച് മെയ് 7 മുതൽ 27 വരെ നടത്തുന്നതാണ്.

**ജെ. പി. കോൺഫ്രൻസ്**

മെയ് 28 മുതൽ 31 വരെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉള്ള പ്രത്യേക ജെ. പി. കോൺഫറൻസ് (ജീസസ് പ്രൊഫഷണൽസ് കമ്മ്യൂണിറ്റി കോൺഫറൻസ്) നടക്കുന്നതാണ്.

**പെനുവേൽ**

2023 ഏപ്രിൽ പതിനൊന്നാം തിയതി ചൊവ്വാഴ്ച രാവിലെ 9.30 മുതൽ പതിമൂന്നാം തിയതി വൈകിട്ട് 4.30 വരെ കബനിഗിരി ദേവാലയത്തിൽ വച്ച് നാലാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി പെനുവേൽ സംഘടിപ്പിച്ചു. 92 വിദ്യാർത്ഥികൾ പങ്കെടുത്ത പ്രസ്തുത പരിപാടിക്ക് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ഡെൽഫി മരിയ സി.എം.സി, സി. എമിലിയാ സി.എം.സി, സി. സ്നോബി ആൻസ് സി.എം. സി., സി. ഡോണ തെരേസ് സി.എം.സി. എന്നിവരാണ് ഇതിന് നേതൃത്വം നൽകിയത്. പെനുവേൽ സംഘടിപ്പിക്കുവാൻ സഹായിച്ച കബനിഗിരി ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, മറ്റ് സഹായങ്ങൾ ചെയ്തു തന്ന ബഹു. സിസ്റ്റേഴ്സിനും മതാധ്യാപകർക്കും കൈക്കാരന്മാർക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**വിശ്വാസോത്സവം 2023**

നെയ്ക്കുപ്പ ഇടവകയിൽ 2023 മാർച്ച് 26-ാം തിയതി മതബോധന വിദ്യാർത്ഥികൾക്കായി നടന്ന വിശ്വാസോത്സവ പരിപാടിയിൽ യൂത്ത് മിനിസ്ട്രി ടീമംഗം സി. ഡെൽഫി മരിയ സി. എം. സി. വിശ്വാസോത്സവദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് നയിച്ചു.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**ത്യാഗം 2023 കുരിശിന്റെ വഴി**

ക്രൂശിതനായ ക്രിസ്തുവിന്റെ പീഡാനുഭവ യാത്രയെ അനുസ്മരിച്ചുകൊണ്ട് സഹനത്തിന്റെ വഴിയിലൂടെ ത്യാഗ നിർഭരമായ കുരിശിന്റെ വഴി, ത്യാഗം 2023 കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ, നിലമ്പൂർ മേഖലയുടെ ആതിഥേയത്വത്തിൽ, മുട്ടിയേൽ സെന്റ് അൽഫോൻസാ ദേവാലയത്തിൽ നിന്ന് ആഢ്യൻപാറയിലേക്ക് നടത്തപ്പെട്ടു. ജീവിത പ്രതിസന്ധികളിൽ വലയുമ്പോൾ കുരിശിനോട് ചേർന്ന് നിന്നുകൊണ്ട് കുരിശിന്റെ മഹത്വം ദർശിക്കാൻ നമുക്ക് കഴിയണമെന്നും, കുരിശിന്റെ വഴിയിലൂടെ ക്രിസ്തുവിനൊപ്പം മുന്നോട്ട് പോകാൻ കഴിയട്ടെ എന്നും മുഖ്യ സന്ദേശം നൽകിയ മുണ്ടേരി ഇടവക വികാരി ഫാ. ജിമ്മി ഓലിക്കൽ ആശംസിച്ചു. കെ.സി. വൈ. എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ, കെ.സി.വൈ. എം സംസ്ഥാന വൈസ് പ്രസിഡന്റ് ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ, കെ.സി.വൈ.എം മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, നിലമ്പൂർ മേഖലയുടെയും മുട്ടിയേൽ യൂണിറ്റിന്റെയും ഡയറക്ടറായ ഫാ. നിഷ്വിൻ തേൻപള്ളിയിൽ, നിലമ്പൂർ ഫൊറോന അസി.വികാരി ഫാ. റോബിൻസ് കുമ്പളക്കുഴി, ഫാ. പ്രിൻസ് തെക്കേതിൽ, എന്നിവർ സന്നിഹിതരായിരുന്നു. രൂപത സെക്രട്ടറിയേറ്റ് - സിൻഡിക്കേറ്റ് അംഗങ്ങൾ, സംസ്ഥാന സെനറ്റ് അംഗങ്ങൾ, നിലമ്പൂർ മേഖല പ്രസിഡന്റ് ബിബിൻ കിഴക്കേക്കോട്ടിൽ, മണിമൂളി മേഖല പ്രസിഡന്റ് അഖിൽ സന്തോഷ് കൊല്ലംപറമ്പിൽ, മുട്ടിയേൽ യൂണിറ്റ് പ്രസിഡന്റ് അഭിഷേക്, നിലമ്പൂർ മേഖല ഭാരവാഹികൾ, നിലമ്പൂർ മേഖല-മുട്ടിയേൽ രൂപതാ, മേഖല, യൂണിറ്റ് ആനിമേറ്റേഴ്സ് സിസ്റ്റേഴ്സ്, കരുത്തരായ കെ.സി. വൈ.എം നിലമ്പൂർ മേഖലയിലെയും മുട്ടിയേൽ യൂണിറ്റിലെയും ഭാരവാഹികൾ, യുവജന സുഹൃത്തുക്കൾ എന്നിവർ നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി മുന്നൂറിലധികം പേർ പങ്കെടുത്തു.

**സ്റ്റാറ്റസ് മാർച്ച്**

മലയോടും മണ്ണിനോടും വന്യമൃഗങ്ങളോടും പടപൊരുതി അന്നം സൃഷ്ടിക്കുന്ന, അന്നത്തിനായി കഠിനാധ്വാനം ചെയ്യുന്ന കർഷക മക്കളുടെ നിലനിൽപ്പിനായി, അവരുടെ കരങ്ങൾക്ക് ശക്തി പകർന്ന് കൊണ്ട് വർദ്ധിച്ചു വരുന്ന വന്യജീവി ആക്രമണവും കാർഷിക ഉല്പനങ്ങളുടെ വിലത്തകർച്ചയും ചൂണ്ടിക്കാട്ടി, എന്റെ വോട്ട് കർഷക പക്ഷത്തിന് എന്ന മുദ്രാവാക്യമുയർത്തി കെ.സി.വൈ.എം മാനന്തവാടി രൂപതാ സ്റ്റാറ്റസ് മാർച്ച് നടത്തി. വന്യമൃഗങ്ങളും, ബഫർസോണുമെല്ലാം മലയോര ജനതയുടെ ജീവിതം ദുഃസഹ മാക്കി മാറ്റിയിരിക്കുന്ന സാഹചര്യത്തിൽ, കർഷകർക്കായി ശബ്ദ മുയർത്തുന്നവർക്കും, പ്രവർത്തിക്കുന്നവർക്കും, മാത്രമെ വോട്ട് ന ൽകൂ എന്ന ആഹ്വാനവുമായി, രാജ്യവും സംസ്ഥാനവുമെല്ലാം മുൻപ് ഭരിച്ചവരോ, ഭരിച്ചുകൊണ്ടിരിക്കുന്നവരോ, രാഷ്ട്രീയ പാർട്ടികളോ, കർഷകരുടെ വേദന കാണാൻ തയ്യാറാവാത്തതിൽ പ്രതിഷേധിച്ച് കർഷകരെയും മലയോര ജനതയെയും പരിഗണിക്കുന്നവർക്ക് മാത്ര മെ വോട്ട് നൽകൂ എന്ന് ആയിരക്കണക്കിന് യുവജനങ്ങൾ സാമൂഹ്യ മാധ്യമത്തിലൂടെ പങ്കാളികളായിക്കൊണ്ട് സ്റ്റാറ്റസ് മാർച്ചിലൂടെ പ്രതി ഷേധത്തിൽ പങ്കുചേർന്ന് വൻവിജയമാക്കിത്തീർത്തു. പൊതു സമൂഹത്തിനും, ഭരണ കർത്താക്കൾക്കും, രാഷ്ട്രീയ നേതൃത്വങ്ങൾക്കും മുന്നിൽ നിലപാട് വ്യക്തമാക്കാൻ തയ്യാറായ ഓരോരുത്തർക്കും നന്ദിയും അഭിവാദ്യങ്ങളും.

**വിസിറ്റ് 2023**

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ രൂപത വിസിറ്റ് ഏപ്രിൽ 16 മാനന്തവാടി ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് നടത്ത പ്പെട്ടു. ശ്രീ ഷാരോൺ കെ. റെജിയുടെയും കുമാരി ഗ്രാലിയ അന്ന അലക്സിന്റെയും നേതൃത്വത്തിലുള്ള സംസ്ഥാന സമിതി അംഗങ്ങളും, ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിലിന്റെ നേതൃത്വത്തിലുള്ള രൂപതാ സമിതി അംഗങ്ങളും സംസ്ഥാന സെനറ്റ് സിൻഡിക്കേറ്റ് അംഗ ങ്ങളും സന്നിഹിതരായിരുന്നു.

**പ്രാർത്ഥനാ നിർഭരമായ വിശുദ്ധ വാരത്തിലൂടെ**

തപസ്സിന്റെ പ്രാർത്ഥനാ നൈർമ്മല്യത്തോടെ ഉത്ഥിതനായ ക്രിസ്തുവിനൊപ്പം അനുധാവനം ചെയ്തുകൊണ്ട് വിശുദ്ധവാര ത്തിന്റെ നോവും പ്രതീക്ഷയും ഉൾകൊണ്ട് യുവജനങ്ങൾ പരി പാവനമായ പെസഹാവ്യാഴം, ദുഃഖവെള്ളി, ഈസ്റ്റർ ദിനങ്ങളാ ഘോഷിച്ചു.

**അഭിവാദ്യങ്ങൾ**

കർഷകർക്ക് വേണ്ടി എന്നും നിലകൊള്ളുകയും, രാഷ്ട്രീയ കേരളത്തെ ചൂട് പിടിപ്പിച്ച ചർച്ചകൾക്ക് തുടക്കം കുറിക്കുകയും, പ്രതിഷേധ ശബ്ദത്തിലൂടെ മാറ്റങ്ങൾക്ക് വഴി തെളിയിക്കുകയും ചെയ്തുകൊണ്ട് റബ്ബർ കർഷകർക്ക് ലഭിക്കണമെന്നാവശ്യപ്പെട്ടുള്ള അഭിവന്ദ്യ മാർ ജോസഫ് പാംബ്ലാനി പിതാവിന്റെ നിലപാടുകൾക്ക് അഭിവാദ്യങ്ങൾ. കെ.സി.വൈ. എം പ്രസ്ഥാനത്തിന്റെ സീറോ മലബാർ സഭയിൽ നിന്നുള്ള സംസ്ഥാന സിൻഡിക്കേറ്റായി ഏറെ നാൾ സേവനം ചെയ്ത് ആ സ്ഥാനം മറ്റൊരാൾക്ക് കൈമാറുന്ന കെ.സി വൈ.എം മാനന്തവാടി രൂപതയുടെ ഡയറക്ടർ അഗസ്റ്റിൻ ചിറക്കത്തോട്ടത്തിലച്ചന് കെ. സി. വൈ. എം മാനന്തവാടി രൂപതാ പ്രസ്ഥാനത്തിന്റെ ഒരായിരം അഭിവാദ്യങ്ങൾ.

കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ സീറോ മലബാർ സഭയിൽ നിന്നുള്ള സംസ്ഥാന സിൻഡിക്കേറ്റ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട താമരശ്ശേരി രൂപതാ കെ. സി. വൈ. എം ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിലിന് കെ. സി. വൈ. എം മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

**ആദരാഞ്ജലികൾ**

കേരള സഭയുടെ ഉറച്ചശബ്ദവും ഇന്റർ ചർച്ച് കൗൺസിലിന്റെ ഉപജ്ഞാതാവും, വിദ്യാഭ്യാസ അവകാശങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങളുടെ മുന്നണി പോരാളിയും, കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ സ്ഥാപക ചെയർമാനും കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന് രൂപം നൽകുന്നതിൽ മുഖ്യപങ്ക് വഹിച്ച ദീർഘദർശ്ശിയും, സി.ബി.സി.ഐ.യുടെയും, കെ.സി.ബി.സി.യുടെയും മുൻ പ്രസിഡുമായി സേവനമനുഷ്ഠിച്ച ചങ്ങനാശേരി ആർച്ച് ബിഷപ്പ് എമിരിത്തൂസ് മാർ ജോസഫ് പൗവ്വത്തിൽ (92) പിതാവിനും, നിലമ്പൂർ -മണിമൂളി റീജണൽ സിഞ്ചല്ലൂസ് റവ. ഫാ തോമസ് മണക്കുന്നേൽ അച്ചന്റെ മാതാവ് സാറാമ്മ ഐസക്ക് (88)നും, പയ്യമ്പള്ളി മേഖല സെക്രട്ടറി റ്റിൻസി, റ്റോബി കൂട്ടുങ്കലിന്റെ മാതാവ് ഡെയ്സി (54) ക്കും കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ ആദരാഞ്ജലികൾ.

**മേഖലാ വാർത്തകൾ**

**നടവയൽ**

വന്യമൃഗശല്യം എന്ന വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കെ. സി. വൈ. എം നടവയൽ മേഖലയുടെ നേതൃത്വത്തിൽ വന്യ മൃഗശല്യത്തിനെതിരെ ശാശ്വത പരിഹാരം കാണുക എന്നാവശ്യപ്പെട്ടുകൊണ്ട് പനമരം ടൗണിൽ മലയോര ജനതയുടെ അതിജീവന യാത്ര എന്ന പേരിൽ പ്രതിഷേധ റാലിയും, പ്രതിഷേധ സമ്മേളനവും നടത്തി. കെ. സി. വൈ. എം മാനന്തവാടി രൂപതാ പ്രസിഡന്റ് ജസ്റ്റിൻ നീലംപ്പറമ്പിൽ പ്രതിഷേധറാലി ഉദ്ഘടനം ചെയ്തു. കെ. സി. വൈ. എം നടവയൽ മേഖല പ്രസിഡന്റ് നിഖിൽ ചൂടിയാങ്കൽ അധ്യക്ഷത വഹിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൽ മുഖ്യ പ്രഭാഷണവും, എ. കെ. സി. സി മാനന്തവാടി രൂപതാ സെക്രട്ടറി സെബാസ്റ്റ്യൻ പുരയ്ക്കൽ, കെ. സി. വൈ. എം മാനന്തവാടി രൂപതാ ജനറൽ സെക്രട്ടറി അഭിനന്ദ് കൊച്ചുമലയിൽ, മാതൃവേദി നടവയൽ മേഖലാ സെക്രട്ടറി അന്നക്കുട്ടി എന്നിവർ ആശംസകളും അറിയിച്ചു സംസാരിച്ചു. യൂണിറ്റ്, മേഖല, രൂപതാ ഡയറക്ടേസ്, ആനിമേറ്റേഴ്സ് സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളും മേഖലയിലും യൂണിറ്റുകളിൽ നിന്നും കടന്നുവന്ന യുവജനങ്ങളും പ്രതിഷേധ റാലിക്കും പ്രതിഷേധ സമ്മേളനത്തിനും. നേതൃത്വം നൽകുകയും ചെയ്തു. അഞ്ഞൂറോളം യുവജനങ്ങൾ പരിപാടിയിൽ പങ്കെടുത്തു. തുർക്കിയിലും സിറിയയിലുമായി ഭൂചലനത്തിൽ മരണപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും, രക്ഷാ പ്രവർത്തനം നടത്തുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. കേന്ദ്ര ഭരണ പ്രദേശമായ ദമാനിൽ 400 വർഷം പഴക്കമുള്ള ദേവാലയം പൊളിച്ചു മാറ്റുന്നതുമായ ബന്ധപ്പെട്ട സർക്കാർ നയത്തിനെതിരെ കെ.സി.വൈ.എം നടവയൽ മേഖല പ്രതിഷേധം അറിയിച്ചു. രാജ്യത്തെ മുഴുവൻ നടുക്കിയ പുൽവാമ ഭീകരാക്രമണത്തിനിരയായ സൈനികർക്കുവേണ്ടി പ്രാർത്ഥിച്ചു. യൂണിറ്റുകളുടെ ശാക്തീകരണത്തിനും പരിപോഷിപ്പിക്കുന്നതിനായി 'വേരുകളിലൂടെ' എന്ന പരിപാടിയിലൂടെ യൂണിറ്റ് വിസിറ്റിന് തുടക്കം കുറിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും കെ.സി.വൈ.എം നടവയൽ മേഖലയുടെ ആതിഥേയത്വത്തിൽ പനമരം സെന്റ് ജൂഡ്സ് ദേവാലയത്തിൽ വച്ച് നടത്തിയപ്പോൾ ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചെയ്തു. നടവയൽ മേഖലയുടെ ആതിഥേയത്വ

ത്തിൽ നടത്തപ്പെട്ട രൂപതാ പ്രവർത്തനവർഷ ഉദ്ഘാടനത്തിലും, COFFY 2.0 ലീഡർഷിപ് ട്രെയിനിംഗ് പ്രോഗാമിലും മേഖലയിലെ വിവിധ യുണിറ്റുകളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. വർദ്ധിച്ചുവരുന്ന വന്യമൃഗശല്യത്തിനെതിരായി ഉപന്യാസ രചന, പോസ്റ്റർ രചന എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു.

**മുള്ളൻകൊല്ലി**

കെ. സി. വൈ. എം മുള്ളൻകൊല്ലി മേഖല മുൻ വൈസ് പ്രസിഡണ്ടും, നിയുക്ത മീഡിയ കോർഡിനേറ്ററുമായ ഡയോണ എഴുമയലിന് ജന്മദിനാശംസകൾ നേർന്നു. കെ.സി.വൈ.എം മാനന്ത വാടി രൂപതയുടെ പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും കെ.സി.വൈ.എം നടവയൽ മേഖലയുടെ ആതി ഥേയത്വത്തിൽ പനമരം സെന്റ് ജൂഡ്സ് ദേവാലയത്തിൽ വച്ച് നടത്തിയ പരിപാടിയിൽ മേഖലയിൽ നിന്ന് യുവജനങ്ങൾ പങ്കെ ടുത്തു. പ്രസ്തുത പരിപാടിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട COFFY 2.0 ലീഡർഷിപ് ട്രെയിനിങ് പ്രോഗാമിലും മേഖലയിലെ വിവിധ യുണിറ്റുകളിൽ നിന്നും യുവജനങ്ങളെ പങ്കാളികളാക്കി. മുള്ളൻ കൊല്ലി മേഖലയുടെ പ്രവർത്തന വർഷ ഉദ്ഘാടനവും, കർമ്മ പദ്ധതി പ്രകാശനവും *ലൂമിന* 2023 ശിശുമല യുണിറ്റിൽ വെച്ച് നടത്തപ്പെട്ടു. മേഖലാ ഡയറക്ടർ റവ. ഫ. സാന്റോ അമ്പലത്തറ ആമുഖ പ്രഭാഷണം നടത്തി.

**മാനന്തവാടി**

കണിയാരം കത്തീഡ്രലിൽ വച്ച് സെക്രട്ടറിയേറ്റ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു. മാനന്തവാടി, കല്ലോടി മേഖലകൾ സംയുക്തമായി കാഞ്ഞിരങ്ങാട് പൂരിഞ്ഞിമലയിൽ വച്ച് 'ത്യാഗം' കുരിശിന്റെ വഴി നടത്തി. അംഗത്വ ക്യാമ്പയിന്റെ ഭാഗമായി അംഗത്വകൂപ്പണുകൾ യൂണിറ്റിൽ വിത രണം ചെയ്തു. എല്ലാവർക്കും ഉയിർപ്പ് തിരുനാളിന്റെ ആശംസ കൾ നേർന്നു.

**മണിമൂളി**

മണിമൂളി മേഖലയുടെ പ്രവർത്തനവർഷം 'കൂടെ 2K23'ക്ക് മാർച്ച് 11-ാം തിയതി മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് ആരംഭം കുറിച്ചു. കെ.സി.വൈ.എം സംസ്ഥാന വൈ. പ്രസിഡന്റ് കുമാരി. ഗ്രാലിയ വെട്ടുക്കാട്ടിൽ മുഖ്യാതിഥിയായ ചടങ്ങിന്റെ ഉദ്ഘാടനം നിലമ്പൂർ മേഖല ഡയറക്ടർ ഫാ. നിഷിൻ തേൻപ്പള്ളി നിർവഹിച്ചു. ക്രിസ്തു നാഥന്റെ കാൽവരിയാത്ര അനുസ്മരിച്ചുകൊണ്ട് 15-ാമത്

കുരിശിന്റെ വഴി 'കാൽവരി' നാടുകാണി ചുരത്തിലേക്ക് ഏപ്രിൽ രണ്ടാം തിയതി എം. സി. വൈ. എം. എടക്കര യൂണിറ്റുമായി സഹകരിച്ച് സംഘടിപ്പിച്ചു. യുവജനങ്ങളും വിശ്വാസികളും ചേർന്ന് 1000–ത്തോളം പേർ പങ്കെടുത്തു.

**ദ്വാരക**

ദ്വാരക മേഖലയുടെ നേതൃത്വത്തിൽ വിളമ്പുകണ്ടം യൂണിറ്റിന്റെ ആതിഥേയത്തിൽ കുറുമ്പാലകോട്ട മലയിലേക്ക് കുരിശിന്റെ വഴി നടത്തി.

**നീലഗിരി**

മേഖലയിലെ വിവിധ യൂണിറ്റുകളിൽ നടന്ന നാല്പതാം വെള്ളിയാഴ്ചയിലെ കുരിശിന്റെ വഴിയിൽ മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ഉയിർപ്പുതിരിനാളാഘോഷം മേഖലയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ കല്ലറകൾ നിർമിച്ചും, ഉയർപ്പിന്റെ തിരുന്നാളുകളിൽ പങ്കെടുത്തും, ആശംസകളറിയിച്ചും ആഘോഷിച്ചു. മാർച്ച് 31ന് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നിലമ്പൂർ മേഖലയുടെ ആതിഥേയത്വത്തിൽ നിലമ്പൂർ മുട്ടിയേൽ പള്ളിയിൽ വച്ച് നടത്തിയ ത്യാഗം കുരിശിന്റെ വഴിയിൽ മേഖലാ ഭാരവാഹികളും, യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. നീലഗിരി മേഖല ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും, ലഹരിക്കെതിരെ ഒരു ക്യാമ്പയിൻ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

**കല്പ്പറ്റ**

വർദ്ധിച്ചുവരുന്ന വന്യമൃഗശല്യത്തിനെതിരായി കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ വാഴവറ്റ, കൽപ്പറ്റ, മേപ്പാടി എന്നീ ടൗണുകളിൽ വച്ച് പന്തം കൊളുത്തി പ്രകടനം സംഘടിപ്പിച്ചു. വനിതാദിനത്തോടനുബന്ധിച്ച് കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ മാർച്ച് 8 ന് കൽപ്പറ്റ പുതിയ സ്റ്റാൻഡ് പരിസരത്ത് ക്വിസ് കോമ്പറ്റീഷൻ നടത്തി.

**ശാഖാ വാർത്തകൾ**

**പുതുശ്ശേരിക്കടവ്**

ഇടവക വികാരി അച്ചന്റെ ജന്മദിനം ആഘോഷിച്ചു. ദുഃഖവെള്ളിയാഴ്ച നടത്തുന്ന കുരിശിന്റെ വഴിക്കുള്ള ക്രമീകരണങ്ങൾ ചെയ്തു. ഈസ്റ്റർ കല്ലറ മനോഹരമായി നിർമ്മിച്ചു. തരിയോട് മേഖലയിലെ 10 യൂണിറ്റുകൾ ഒന്നിച്ചു ചേർന്ന് ഫണ്ട് സമാഹരിക്കുകയും

ക്ലാരഭവൻ സന്ദർശിച്ച് ഈസ്റ്റർ സമ്മാനം നൽകുന്നതിനും യുവജനങ്ങൾ പങ്കെടുത്തു.

**കൊട്ടിയൂർ**

മാർച്ച് 8 ലോക വനിതാദിനത്തോടനുബന്ധിച്ച് സോഷ്യൽ മീഡിയ നവമാധ്യമങ്ങൾ വഴി പോസ്റ്റർ ഷെയർ ചെയ്യുകയും ആശംസകൾ നേരുകയും ചെയ്തു. World Global Warming Day യോടനുബന്ധിച്ച് Think Green Think Global to defeat Global Warming എന്ന ആശയം നൽകുന്ന പോസ്റ്റർ സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചു. വിശുദ്ധ കുരിശിനെ അപമാനിച്ച ബ്രണ്ണൻ കോളേജിലെ വിദ്യാത്ഥികൾ S. F.I സംഘടനയുടെ നേതൃത്വത്തിൽ ആവിഷ്കാര സ്വാതന്ത്ര്യമെന്ന പേരിൽ നടത്തുന്ന ആഭാസങ്ങൾക്കെതിരെ കെ. സി.വൈ. എം കൊട്ടിയൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ശക്തമായി പ്രതിഷേധിക്കുകയും സമൂഹമാധ്യമങ്ങളിൽ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു. വാസ്തവ വിരുദ്ധമായ രീതിയിൽ കത്തോലിക്കാ സന്യാസത്തെ വളരെ മോശമായി അവതരിപ്പിക്കുകയും സന്യസ്തരെ അവഹേളിക്കുകയും ക്രൈസ്തവ സന്യാസത്തെ കളിയാക്കുന്ന നാടക ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരെ കെ. സി. വൈ. എം കൊട്ടിയൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രതിഷേധമറിയിച്ചു. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടന്ന *Status March* ൽ പങ്കെടുത്തു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

മാർച്ച് 28 മുതൽ 31 വരെയുള്ള തിയതികളിൽ നടത്തിയ വിവാഹ ഒരുക്ക കോഴ്സിൽ 55 പേരും, ഏപ്രിൽ 15 മുതൽ 18 വരെയുള്ള തിയതികളിൽ നടത്തിയ വിവാഹ ഒരുക്ക കോഴ്സിൽ 71 പേരും പങ്കെടുത്തു. മെയ് മാസത്തെ വിവാഹ ഒരുക്ക കോഴ്സ്, മെയ് 13, 14,15,16, എന്നീ തിയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

'ഗോൽഗോഥാ- 2023 പുത്തൻപാന പാരായണ ഓൺലൈൻ രൂപതാ മത്സരത്തിൽ രൂപതയിലെ 12 മേഖലകൾ മത്സരത്തിൽ പങ്കെടുത്തു.

**വിജയം കരസ്ഥമാക്കിയവർ:**

1 st മാനന്തവാടി മേഖല - തവിഞ്ഞാൽ യൂണിറ്റ്

2 nd നടവയൽ മേഖല - നടവയൽ യൂണിറ്റ്

3 rd ചുങ്കക്കുന്ന് മേഖല - ഒറ്റപ്ലാവ് യൂണിറ്റ്.

വിജയം കരസ്ഥമാക്കിയ എല്ലാ ടീമുകൾക്കും, പങ്കെടുത്ത എല്ലാ ടീമിനും, നേതൃത്വം നൽകിയ എല്ലാവർക്കും അഭിനന്ദനങ്ങൾ.

**മേഖല നേതൃത്വ സംഗമം. 'കൊയ്നോനിയ 2023'**

മേഖല ഡയറക്ടേഴ്സിന്റേയും, ആനിമേറ്റേഴ്സിന്റെയും, മേഖല ഭാരവാഹികളുടെയും നേതൃത്വ സംഗമം ഏപ്രിൽ 25-ന് രൂപതയിൽ നടത്തപ്പെട്ടു. നേതൃത്വം നൽകിയവർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും.

'കുടുംബ നവീകരണം അമ്മമാരിലൂടെ' മേഖലയിലും, യൂണിറ്റുകളിലും സെമിനാർ നടത്തുക. ഏപ്രിൽ 28 -ന് മാതൃവേദി സംഘടനയുടെ സഹ മധ്യസ്ഥയായ വി. ജാന്ന ബെരേറ്റ മോളെളയുടെ തിരുനാൾ ആഘോഷിച്ചു. രൂപതാ തലത്തിൽ വിധവ സംഗമം മെയ് മാസത്തിൽ സംഘടിപ്പിക്കുക.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 12 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മെയ് 9

**മേഖലാ വാർത്തകൾ**

**തരിയോട് മേഖല**

മേഖലാ എക്സിക്യൂട്ടീവ് കൂടി. വി. യൗസേപ്പിതാവിന്റെ തിരുനാൾ, വനിത ദിനം എന്നിവ ആചരിച്ചു. ഒരു നിർധനരോഗിക്ക് സാമ്പത്തിക സഹായം നൽകി. വി. യൗസേപ്പ് നാമധാരികളെ ആദരിച്ചു. ബൈബിൾ പാരായണത്തിൽ പങ്കെടുത്തു. കുരിശിന്റെ വഴി നടത്തി. പുത്തൻ പാന പാരായണ മത്സരത്തിൽ പങ്കെടുത്തു.

**പയ്യമ്പള്ളി മേഖല**

മേഖലയിൽ കുരിശിന്റ വഴി നടത്തി. എല്ലാ ശാഖകളിൽ നിന്നും അംഗങ്ങൾ വന്ന് സഹകരിച്ചു. കക്കുകളി നാടകത്തിനെതിരെ പ്രതിഷേധ റാലി നടത്തി. പാനപാരായണ മത്സരത്തിൽ ഒന്നാം സ്ഥാനം കാട്ടിക്കുളം ശാഖയ്ക്ക് ലഭിച്ചു. വേദപാഠ കുട്ടികൾക്കായി മേഖലയിൽ പാനപാരായണം മത്സരം നടത്തി. വനിതാ ദിനത്തിൽ മേഖലയിലെ എല്ലാ ശാഖകളിലുമുള്ള മാതൃവേദിയിൽ പ്രവർത്തിച്ച ഏറ്റവും പ്രായം കൂടിയ അമ്മമാരെ ആദരിച്ചു.

**ശാഖാ വാർത്തകൾ**

**തവിഞ്ഞാൽ**

സ്നേഹ സദനം സന്ദർശിച്ചു. 14500/-രൂപ കൈമാറി. വി. യൗസേപ്പിതാവിന്റെ തിരുനാൾ, വനിത ദിനം എന്നിവ ആചരിച്ചു. വിവിധ നിയോഗങ്ങൾക്കായി ദിവ്യകാരുണ്യ ആരാധന നടത്തി. കുരിശിന്റെ വഴിയിൽ പങ്കെടുത്തു. പിതാക്കന്മാർക്ക് നടത്തിയ ഉപന്യാസ മത്സരത്തിൽ പിതാക്കന്മാർ പങ്കെടുത്തു. തിരഞ്ഞെടുക്കപ്പെട്ട 2 ഉപന്യാസങ്ങൾ മേഖലയ്ക്ക് അയച്ചു. പുത്തൻ പാന മത്സരം വീഡിയോ എടുത്ത് മേഖലയ്ക്ക് അയച്ചു. രോഗി സന്ദർശനം നടത്തി

**മൺവയൽ**

മംഗളവാർത്ത തിരുനാൾ ദിനം ആചരിച്ചു. വണക്കമാസം ആചരിച്ചു. യൂണിറ്റ് അടിസ്ഥാനത്തിൽ കുരിശിന്റെ വഴി നടത്തി. ദുഃഖവെള്ളിയാഴ്ച കഞ്ഞിക്കാവശ്യമായ അച്ചാർ ഉണ്ടാക്കി. രോഗി സന്ദർശനം നടത്തി. പഠന സഹായമായി 500 രൂപ നല്കി. വനിതാ ദിനത്തോടനുബന്ധിച്ച് യുവജന സംഘടന നടത്തിയ താരാട്ട് പാട്ട് മത്സരത്തിൽ ഒന്നാം സമ്മാനം നേടി.

**കബനിഗിരി**

യൗസേപ്പിതാവിന്റെ വണക്കമാസം, വനിതാദിനം, പ്രോ-ലൈഫ് ദിനം എന്നിവ ആചരിച്ചു. പരീക്ഷാ ഒരുക്ക പ്രാർത്ഥന, ഇടവക ധ്യാനം എന്നിവയിൽ പങ്കുചേർന്നു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി . പുത്തൻപാന മത്സരത്തിൽ പങ്കെടുത്തു. മേഖലാ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**സീതാമൗണ്ട്**

വി. യൗസേപ്പിതാവിന്റെ വണക്കമാസാചരണം ഭവനങ്ങളിൽ നടത്തി. മേഖലാ തലത്തിൽ പുൽപ്പള്ളി തിരുഹൃദയ ദേവാലയത്തിൽ വെച്ച് നടത്തിയ പരീക്ഷ ഒരുക്ക പ്രാർത്ഥനയിൽ യൂണിറ്റിൽ നിന്നും വനിതാ ദിനത്തിൽ നിയമപാലന രംഗത്ത് പ്രവർത്തിക്കുന്ന SCPO ജെയ്സ് മേരി ഷിബുവിനെ മെമന്റോ നൽകി ആദരിച്ചു. നാല്പതാം വെള്ളിയാഴ്ച മേഖലാ തലത്തിൽ പാടിച്ചിറ ദേവാലയത്തിൽ വെച്ച് നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. പ്രോ ലൈഫ് ദിനത്തിൽ കൂടുതൽ മക്കളുള്ള കുടുംബത്തെ ആദരിച്ചു.

**ചിത്രഗിരി**

രോഗീ സന്ദർശനം നടത്തി. വനിതാ ദിനത്തിൽ ഏറ്റവും പ്രായമുള്ള മാതൃവേദി അംഗത്തെ പൊന്നാട അണിയിച്ച് ആദരിച്ചു. ഇടവകയിലെ എല്ലാ അമ്മമാർക്കും വേണ്ടി സ്ത്രീ പുരുഷ സമത്വം, പോക്സോ എന്നീ വിഷയത്തെ ആസ്പദമാക്കി അഡ്വക്കേറ്റ് റിനു ജോസ് ക്ലാസ്സ് എടുത്തു.

**കരിമ്പിൽ**

യൗസേപ്പ് പിതാവിന്റെ വണക്ക മാസ പ്രാർത്ഥന എല്ലാ കുടുംബങ്ങളിലും ചൊല്ലി പ്രാർത്ഥിച്ചു. മേഖല വാർഷികത്തിൽ Executive Members പങ്കെടുത്തു. മേഖലയിൽ നിന്ന് ലഭിക്കുന്ന വചനം ചൊല്ലി പ്രാർത്ഥിച്ചു. രോഗി സന്ദർശനം നടത്തി. സാമ്പത്തിക സഹായം നൽകി. മേഖലാ തലത്തിൽ നടന്ന പാന പാരായണ മത്സരത്തിനു വീഡിയോ തയ്യാറാക്കി നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പ്രശാന്തഗിരി**

യൗസേപ്പിതാവിന്റെ വണക്കമാസം, വനിതാദിനം എന്നിവ ആചരിച്ചു. സ്നേഹാലയം സന്ദർശിച്ചു. 5000/- രൂപ നൽകി. പിതാക്കന്മാർക്ക് വേണ്ടി നടത്തിയ ഉപന്യാസ മത്സരത്തിൽ പിതാക്കൾ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി.

**മാനന്തവാടി**

വി. യൗസേപ്പിതാവിന്റെ വണക്കമാസം വായിച്ചു. വനിതാദിനം, പിതൃദിനം എന്നിവ ആചരിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. രോഗി സന്ദർശനം നടത്തി. രോഗി സഹായം നൽകി. മംഗലവാർത്ത തിരുനാൾ പ്രാർത്ഥന നടത്തി. മേഖല കുരിശിന്റെ വഴിയിൽ പങ്കെടുത്തു. പിതൃദിനത്തോടനുബന്ധിച്ച് നടത്തിയ ഉപന്യാസത്തിൽ 2 പേർ പങ്കെടുത്തു.

**യവനാർകുളം**

വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ, വനിതാദിനം എന്നിവ ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. വനിതാദിനത്തിൽ പ്രായം കൂടിയ ചക്കാലയ്ക്കൽ മാമി ചേച്ചിയെ പൊന്നാട അണിയിച്ച് ആദരിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. കോളയാട് സ്നേഹ ഭവൻ സന്ദർശിച്ച് ഭക്ഷണസാധനങ്ങളും, വസ്ത്രങ്ങളും നൽകി.

**പുതിയിടം**

വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ, വനിതാദിനം എന്നിവ ആചരിച്ചു. ജോസഫ് നാമധാരികളെയും ആദരിച്ചു. പാനാ പാരായണ മത്സരത്തിൽ മത്സരിച്ച് മേഖലയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. പിതാക്കന്മാർക്ക് വേണ്ടി നടത്തിയ ഉപന്യാസം മത്സരത്തിൽ ഇടവകയിൽ നിന്ന് രണ്ടുപേർ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി.

**പാലാങ്കര**

വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ, വനിതാദിനം എന്നിവ ആചരിച്ചു. വനിത ദിനത്തിൽ പാലക്കാട് രൂപതാ ആനിമേറ്റർ സി. ലിന്റ വനിതാ ദിനത്തിന്റെ സന്ദേശം നൽകി.

**മരകാവ്**

മേഖല പരീക്ഷ ഒരുക്ക പ്രാർത്ഥനയിൽ പങ്കെടുത്തു.'പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ' ആശയ സമാഹരണം നടത്തി. കിടപ്പ് രോഗികളെ സന്ദർശിച്ചു. വനിതാ ദിനത്തോടനുബന്ധിച്ച് ഇടവകയിലെ മുതിർന്ന വനിതയെ ആദരിച്ചു. മേഖല Executive ൽ പങ്കെടുത്തു. പിതൃദിനം ആചരിച്ചു. മംഗലവാർത്ത തിരുനാൾ ആചരിച്ചു. മേഖല കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**ബോയ്സ് ടൗൺ**

വി. യൗസേപ്പിതാവിന്റെ തിരുനാൾ, മംഗളവാർത്ത തിരുനാൾ, വനിതാ ദിനം എന്നിവ ആചരിച്ചു. കുരിശിന്റെ വഴിയിൽ പങ്കെടുത്തു. അഖണ്ഡ ജപമാലയിൽ പങ്കെടുത്തു.

**ഇരുളം**

'പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ' എന്ന വിഷയത്തെപ്പറ്റി ആശയ സമാഹരണം നടത്തി. ഓസാനം ഭവൻ സന്ദർശിച്ച് 12000/- രൂപ നൽകി. 960 രൂപയ്ക്കുള്ള ഭക്ഷണപദാർത്ഥങ്ങൾ നൽകി വനിതാ ദിനത്തിൽ ഏറ്റവും പ്രായം കൂടിയ അമ്മച്ചിയെ ആദരിച്ചു. പിതൃദിനത്തിൽ ഇടവകയിലെ പ്രായം കൂടിയ അപ്പച്ചനെ ആദരിച്ചു. ഒരു നിർധന കുടുംബത്തിന് ചികിത്സാ സഹായമായി 5000/- രൂപയും ഭവന നിർമ്മാണത്തിനായി ഒരു കുടുംബത്തിന് 5000/- രൂപയും സംഭാവനയായി നൽകി. മേഖല കുരിശിന്റെ വഴിയിൽ 10 പേർ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**നടവയൽ**

വി. യൗസേപ്പിതാവിന്റെ തിരുനാൾ, മംഗളവാർത്ത തിരുനാൾ, വനിതാ ദിനം എന്നിവ ആചരിച്ചു. വനിതാ ദിനത്തിൽ മാതൃവേദി സീനിയർ അമ്മമാരുടെ വീഡിയോ തയ്യാറാക്കി ആശംസകൾ അറിയിച്ചു. പുത്തൻപാന പാരായണ മത്സരത്തിൽ മേഖലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. രോഗി സന്ദർശനം നടത്തി. രോഗി സഹായമായി 1700/- രൂപ നൽകി

**അപ്പപ്പാറ**

ഗ്രോട്ടോയിൽ കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. പാനപാരായണ മത്സരത്തിൽ പങ്കെടുത്തു. കക്കുകളി നാടകത്തിനെതിരെ പ്രതിഷേധിച്ചു. രോഗി സന്ദർശനം നടത്തി. വനിതാ ദിനത്തിൽ മാതൃവേദിയിൽ പ്രവർത്തിച്ച ഏറ്റവും പ്രായം കൂടിയ അമ്മയെ ആദരിച്ചു. സമ്മാനങ്ങൾ നൽകി.

**തരിയോട്**

കുരിശിന്റെ വഴിക്കു നേതൃത്വം കൊടുത്തു. ജോസഫ് നാമധാരികളെ ആദരിച്ചു. ലക്കി ജോസഫിനെ തിരഞ്ഞെടുത്തു സമ്മാനങ്ങൾ നൽകി. രോഗി സന്ദർശനം നടത്തി.

**റൂബി നഗർ**

രോഗീസന്ദർശനം, രോഗീ ശുശ്രൂഷ എന്നിവ നടത്തി. പള്ളിയും പരിസരവും, സെമിത്തേരി എന്നിവ വൃത്തിയാക്കി. പുത്തൻപാന പാരായണ മത്സരത്തിൽ പങ്കെടുത്തു.

**കയ്യൂന്നി**

ആദ്യ വെള്ളി ആചരണം, എക്സിക്യൂട്ടിവ് എന്നിവ നടത്തി. ലോക ആശംസ ദിനം, ലോക കേൾവി ദിനം, ലോക വനിതാ ദിനം, ലോക കാവ്യ ദിനം, ജലദിനം, കാലാവസ്ഥാ ദിനം, എന്നീ ദിനാചരണങ്ങൾ നടത്തി. വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനം പിതൃദിനമായി ആഘോഷിച്ചു. മംഗലവാർത്താ ദിനം - പ്രാർത്ഥന ദിനമായി ആചരിച്ചു. 5 കുടുംബങ്ങൾക്ക് 10000 രൂപയുടെ ഭക്ഷണ കിറ്റ് വിതരണം ചെയ്തു. ചികിത്സാ സഹായമായി 5000 രൂപ നൽകി

**കുഞ്ഞോം**

സാന്താ മോനിക്ക് മദ്ധ്യസ്ഥ പ്രാർത്ഥനയിൽ പങ്കുചേർന്നു. വചനം ചൊല്ലി പ്രാർത്ഥിക്കുന്നു. യൗസേപ്പിതാവിന്റെ വണക്കമാസം ആചരിച്ചു. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. കല്ലോടി മേഖലാ പുത്തൻപാന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ചികിത്സ സഹായമായി 2500/- രൂപ നൽകി. കല്ലോടി മേഖലയിൽ മികച്ച രണ്ടാമത്തെ ശാഖയായി കുഞ്ഞോം തെരഞ്ഞെടുക്കപ്പെട്ടു.

**പനംഞ്ചിറ**

യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പിതൃദിനം ആഘോഷിച്ചു. വിവിധ നിയോഗങ്ങൾക്കായി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. രോഗീ സന്ദർശനം നടത്തി. വനിതാ ദിനത്തോടനുബന്ധിച്ച് മേഖലാ കെ. സി. വൈ. എം നടത്തിയ താരാട്ടുപാട്ട് രചനാ മത്സരത്തിൽ പങ്കെടുത്തു.

**കരിമാനി**

വനിതാ ദിനം, പിതൃദിനം എന്നിവ ആചരിച്ചു. ജനപ്രതിനിധികളെ ആദരിച്ചു.നാല്പതാം വെള്ളിയാഴ്ച 'കുരിശിന്റെ വഴി' പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. പുത്തൻപാന മത്സരത്തിലും, മേഖല നടത്തിയ ഉപന്യാസ മത്സരത്തിലും പങ്കെടുത്തു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. പ്രോ-ലൈഫ് ദിനത്തിൽ ഇടവകയിലെ മാനസിക വൈകല്യമുള്ള കുട്ടികളുടെ ഭവനം സന്ദർശിച്ചു.ഗിഫ്റ്റ് നൽകി.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ്, മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് എന്നിവ ചേർന്നു. സ്നേഹനിധി കവറുകൾ എല്ലാ ഭവനങ്ങളിലും വിതരണം ചെയ്തു. വികാരിയച്ചന്റെ മാതാവ് മരണമടഞ്ഞപ്പോൾ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

**കണിയാരം**

എക്സിക്യൂട്ടീവ് യോഗം ചേർന്നു. പുതിയിടം പള്ളിയിൽ വെച്ച് നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. വി.യൗസേപ്പിന്റെ തിരുനാളിൽ ജോസഫ് നാമധാരികളെ ആദരിച്ചു. മേഖലാതല ഉപന്യാസ മത്സരത്തിൽ പങ്കെടുത്തു. കോളനി സന്ദർശനം നടത്തി, ആവശ്യമായ വസ്ത്രങ്ങളും സാമ്പത്തിക സഹായവും നൽകി.

**താളിപ്പാടം**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വി. യൗസേപ്പിതാവിന്റെ വണക്കമാസം വായിച്ചു. രോഗീ സന്ദർശനം നടത്തി. വനിതാ ദിനം ആചരിച്ചു. വനിതാ ദിനത്തിൽ എല്ലാ വനിതകൾക്കും ആശംസ അറിയിച്ചു. വി. യൗസേപ്പിതാവിന്റെ തിരുനാൾ, മംഗളവാർത്ത തിരുനാൾ എന്നിവ ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കേളകം**

അനാഥ മന്ദിരത്തിൽ പൊതിച്ചോർ വിതരണം ചെയ്തു. രോഗീ സന്ദർശനം നടത്തി.

**പൂളപ്പാടം**

വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ചു ജോസഫ് നാമധാരികളെ ആദരിച്ചു. സമ്മാനമായി കൊന്തയും പൂക്കളും നൽകി. പാതാർ അഗതി മന്ദിരം സന്ദർശിച്ചു.

**കുറുമ്പാല**

വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസം, വനിതാദിനം എന്നിവ ആചരിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന് ജന്മദിനാശംസകൾ അറിയിച്ചു. രോഗി സന്ദർശനം നടത്തി 1500 രൂപ ധനസഹായം നൽകി. പുത്തൻ പാന പാരായണ മത്സരത്തിൽ പങ്കെടുത്തു. മേഖലയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. കെ. സി. വൈ. എമ്മിനോട് ചേർന്ന് ഈസ്റ്ററിനോടനുബന്ധിച്ച് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾക്ക് 4200 രൂപയുടെ ഭക്ഷണ കിറ്റ് നൽകി.

**പുതുശ്ശേരിക്കടവ്**

നോമ്പ് ആചാരണത്തിന്റെ ഭാഗമായി മരക്കടവ് St. Catherines Old Age Home സന്ദർശിച്ച് ഭക്ഷണം, സാമ്പത്തികമായി സഹായം എന്നിവ നല്കി.

**വാളേരി**

വാളേരിയിൽ വച്ച് മേഖല വാർഷികം നടത്തി. 42 പേർ പങ്കെടുത്തു. മികച്ച ശാഖക്കുള്ള ട്രോഫി ഏറ്റു വാങ്ങി. കെമിസ്ട്രിയിൽ ഡോക്ടറേറ്റ് നേടിയ സോബിൻ മുക്കാമറ്റത്തിലിന് മൊമെന്റോ നൽകി ആദരിച്ചു. രൂപതയിൽ +1 സ്കോളർഷിപ്പ് നേടിയ മെർലിൻ കുര്യക്കാട്ടിലിന് മൊമെന്റോ നൽകി ആദരിച്ചു. ബൈബിൾ വായന മത്സരങ്ങൾ നടത്തി. സമ്മാനം നൽകി. മികച്ച ജൈവ പച്ചക്കറി തോട്ടത്തിന് സമ്മാനങ്ങൾ നൽകി. രോഗിസന്ദർശനം നടത്തി. ചിട്ടി, വചന കവചം, സാന്താമോനിക്ക എന്നിവ നടത്തി.

**വൈത്തിരി**

വി.യൗസേപ്പിതാവിന്റെ തിരുനാൾ, അന്താരാഷ്ട്ര വനിതാ ദിനം, പിതൃദിനം എന്നിവ ആചരിച്ചു. അന്താരാഷ്ട്ര വനിതാ ദിനം കല്പ്പറ്റ സ്നേഹസദനിൽ വച്ച് ആചരിച്ചു. മേഖല ജനറൽ ബോഡി, കുരിശിന്റെ വഴി എന്നിവയിൽ പങ്കെടുത്തു. വൈത്തിരി താലൂക്ക് ആശുപത്രിയിൽ ഭക്ഷണം വിതരണം ചെയ്തു.

**മരക്കടവ്**

വി. യൗസേപ്പിതാവിന്റെ വണക്കമാസം വായിച്ചു. കുരിശിന്റെ വഴി പ്രാർത്ഥനയിൽ പങ്കെടുത്തു. പ്രാർത്ഥിച്ചു. 'കക്കുകളി' നാടകത്തിനെതിരെ പോസ്റ്റർ നിർമ്മിച്ച് പ്രതിഷേധിച്ചു.

**ബത്തേരി അസംപ്ഷൻ**

കുരിശിന്റെ വഴിയിൽ പങ്കെടുത്തു. വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പിതാക്കൻമാർക്ക് പൂക്കൾ നൽകി ആദരിച്ചു. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് മാതൃവേദിയിൽ സജീവമായിരുന്ന പ്രായമായ അമ്മയെ സന്ദർശിച്ചു. മംഗലവാർത്ത തിരുനാൾ ആചരിച്ചു. വൃദ്ധ സദനം സന്ദർശിച്ചു സംഭാവനയായി 5500 രൂപ നൽകി

**ദ്വാരക**

ലൂർദ് മാതാവ്, വി. റാണി മരിയ എന്നിവരുടെ തിരുനാൾ ആചരിച്ചു. S. H സ്റ്റഡി ഹൗസ് സന്ദർശിച്ച് പ്രായമായ സമർപ്പിതരെ ആദരിച്ചു.എക്സിക്യൂട്ടീവ് മീറ്റിംഗ്, സെമിനാർ എന്നിവ നടത്തി. ക്യാൻസർ ദിനത്തിൽ കാൻസർ രോഗികളെ സന്ദർശിച്ചു. പ്രാർത്ഥിക്കുന്ന അമ്മ എന്ന വിഷയത്തെക്കുറിച്ച് ആശയ സമാഹരണം നടത്തി. രോഗിദിനത്തിൽ മാനന്തവാടി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ രോഗികളെ സന്ദർശിച്ചു.

**മഞ്ഞൂറ**

പുത്തൻ പാന മൽസരം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. ഭവന സന്ദർശനം നടത്തി. കൽപ്പറ്റ ഗവ. ഹോസ്പിറ്റലിൽ ഉച്ച ഭക്ഷണം തയ്യാറാക്കി കൊടുത്തു.

**നരിവാലമുണ്ട**

വനിത ദിനത്തിൽ "women of the year' പുരസ്കാരം നൽകി. ലോഗോസ് ക്വിസ് വിജയികൾക്ക് സമ്മാനം നൽകി. ജോസഫ് നാമധാരികൾക്ക് സമ്മാന വിതരണം നടത്തി. ഊട്ടു നേർച്ച തയ്യാറാക്കി ചോക്കാട് ശാന്തി സദനിലെ അന്തേവാസികൾക്ക് വിതരണം ചെയ്തു. പീഡാനുഭവ ബൈബിൾ ക്വിസ് നടത്തി.

**കുറുമണി**

പിതൃദിനം ആചരിച്ചു. വിവിധ നിയോഗങ്ങൾക്കായി ആരാധന നടത്തി. രോഗി സന്ദർശനം നടത്തി ധനസഹായം നൽകി.

**വഞ്ഞോട്**

കുരിശിന്റ വഴിയിൽ പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യുട്ടിവ് കൂടി. പുത്തൻപാന മത്സരത്തിൽ പങ്കെടുത്തു.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ഏകദിന കൺവെൻഷനുവേണ്ടി ശുശ്രൂഷകർ വെള്ളിയാഴ്ച്ച, മാർച്ച് 31 ന് രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു.

ബഹു. ഫാ. സോണി വാഴകാട്ട് വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു.

ഏപ്രിൽ 1 ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ബ്ര. ജോസ് മാളോല സ്തുതിയാരാധനക്ക് നേതൃത്വം നൽകി. ബ്ര. ബെന്നി മാങ്കോട്ടിൽ, ബ്ര. സജി തോട്ടത്തിൽ എന്നിവർ ജപ മാല ചൊല്ലി. ബോയ്സ് ടൗൺ വികാരി ബഹു. ഫാ. ബാബു ചക്കിയത്ത് വി. ബലിയർപ്പിച്ചു. ഡയറക്ടർ ബഹു. ഫാ. സോണി വാഴകാട്ട് വചന പ്രഘോഷണവും ആരാധനയും നടത്തി. ബ്ര. ബിജു പുളിക്കൽ, സി. ലിസ SKD, സി. അന്ന FCC എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

ഏപ്രിൽ 11 ന് ചൊവ്വാഴ്ച്ച സിയോൻ കുടുംബക്കൂട്ടായ്മ നടന്നു. രാവിലെ 9.30 ന് ജപമാലയോടെ ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് ബഹു. ഫാ. സോണി വാഴകാട്ട് വി. ബലിയർപ്പിച്ചു. ബഹു. ഫാ. ബാബു ചക്കിയത്ത് വചനസന്ദേശം നൽകി. പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. ഫാ. ജോജോ കുടക്കച്ചിറ കുടുംബജീവിതത്തെ ക്കുറിച്ച് ക്ലാസ്സെടുത്തു. ചടങ്ങിൽ സിയോന്റെ മുൻകാല ശുശ്രൂ ഷകരിൽ പലരും പങ്കെടുത്തു. എല്ലാ ശുശ്രൂഷകരേയും നന്ദി സൂചകമായി മെമെന്റോ നൽകി ആദരിച്ചു. ഉച്ചഭക്ഷണത്തോടെ പരിപാടികൾ സമാപിച്ചു.

ഏപ്രിൽ 15 ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 12.00 മണി വരെ സ്പിരിചൽ ഷെയറിംങ്ങിന് നടത്തി. ബ്ര. പൈലി പെല ക്കുടി, ബ്ര. മാത്യു മുടിയാട്ടുകുന്നേൽ, സി. ടിൻസി FCC, സി. ലില്ലി CMC, സി മരിന SH, സി. ജാൻസി SABS തുടങ്ങിയവർ നേതൃത്വം നൽകി.

ഏപ്രിൽ 16 മുതൽ 19 മക്കിയാട്, 20 മുതൽ 23 വരെ ഇടിവണ്ണ, 23 മുതൽ 26 വരെ കടൽമാട് എന്നീ ഇടവകകളിൽ സിയോൻ ടീം വാർഷിക ധ്യാനം നടത്തി.

റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. സോണി വഴകാട്ട് എന്നിവർ ഞായറാഴ്ചകളിൽ ഓൺ ലൈൻ സുവിശേഷ വിചിന്തനങ്ങൾ (സിയോൻ വോയ്സ്) പങ്കു വെച്ചു.

ഏപ്രിൽ 28 ന് വെള്ളിയാഴ്ച വൈകിട്ട് 7 മുതൽ 12 വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രർത്ഥന നടത്തി. ബ്ര. ജോൺ ഇളയിടം വചനസന്ദേശം നൽകി, ബഹു. ഫാ. സോണി വാഴകാട്ട് വി. ബലിയർപ്പിച്ചു.

NB: മെയ് മാസത്തെ താമസിച്ചുള്ള ധ്യാനം 21 ഞായറാഴ്ച്ച വൈകിട്ട് 4 ന് ആരംഭിച്ച് 24 ന് ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.00 ന് സമാപിക്കും.

ധ്യാനം മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

ഒരു മെയ്മാസത്തിലേക്കുകൂടി നാം കടന്നുചെല്ലുകയാണ്. ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തെ ക്രൈസ്തവർ പ്രത്യേകമായി വണങ്ങുന്ന മാസമെന്ന ഖ്യാതി മെയ്മാസത്തിനു സ്വന്തമാണ്. മെയ്മാസത്തിന്റെ തുടക്കംമുതൽ അവസാനംവരെ ഭക്ത്യാദരപൂർവം നമ്മുടെ ഭവനങ്ങളിൽ വണക്കമാസത്തിന്റെ പ്രത്യേക വായനകൾ സന്ധ്യാപ്രാർത്ഥനയോടൊപ്പം നാം നടത്താറുണ്ട്. പുരാതന ക്രൈസ്തവ സമൂഹം വളരെ ആദരപൂർവം നടത്തിയിരുന്ന വണക്കമാസാചരണത്തിന് അടുത്ത കാലത്തായി അല്പം പ്രാധാന്യം കുറഞ്ഞുപോയിട്ടുണ്ടോയെന്ന ഒരാത്മശോധന ഇത്തരുണത്തിൽ അനിവാര്യമാണ്. നമുക്ക് യേശുവിലേക്കെത്തുവാനുള്ള കുറുക്കുവഴിയാണ് പരിശുദ്ധ അമ്മ. നമ്മുടെ തളർച്ചകളിൽ, തകർച്ചകളിൽ നമ്മെ കൈപിടിച്ചു നടത്തുന്ന അമ്മയോടുള്ള ഭക്തി വരുംതലമുറകൾക്കുകൂടി മാതൃകയാവുംവിധത്തിൽ നടത്തുവാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. ഓരോ വിൻസെൻഷ്യൻ ഭവനത്തിലും മെയ്മാസവണക്കം ഭയഭക്തിയോടെ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ദൈവമാതാവിനെ മുറുകെ പിടിച്ച് നമുക്ക് സ്വർഗീയ യാത്രക്ക് ഒരുങ്ങാം. നമ്മുടെ കണ്ണീർ മാതാവിന്റെ തൃപ്പാദത്തിങ്കൽ സമർപ്പിച്ചും, നമ്മുടെ സ്വപ്നങ്ങൾ പരിശുദ്ധ അമ്മയോടൊപ്പം വിശുദ്ധീകരിച്ചും നമ്മുടെ അനുദിന ജീവിതയാത്ര തുടരാം. പരിശുദ്ധ കന്യകാമറിയത്തിന്റെ കൃപ നമ്മോടൊപ്പം എന്നും ഉണ്ടാകട്ടെ.

**സി. സി. പ്രവർത്തനങ്ങൾ**

മുൻമാസം നാം വിശുദ്ധ വാരാചരണത്തിലൂടെ കടന്നുപോവുകയായിരുന്നല്ലോ. മാനന്തവാടി രൂപത സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് സെൻട്രൽ കൗൺസിൽ നടപ്പാക്കുന്ന ആട് വിതരണ പദ്ധതിയുടെ വിജയത്തിനായുള്ള പ്രവർത്തനങ്ങൾ വിവിധ കോൺഫ്രൻസ് തലങ്ങളിൽ സജീവമായി മുന്നേറി. പദ്ധതി വിജയപ്രദമാക്കുവാൻ പരിശ്രമിച്ച സി.സി, എ.സി, കോൺഫ്രൻസ് ഭാരവാഹികളെയും വിൻസെൻഷ്യൻ പ്രവർത്തകരെയും ഈ അവ

സരത്തിൽ അനുമോദിക്കുന്നു. ആട് വിതരണം ഇനിയും പൂർത്തിയാക്കാത്ത കോൺഫ്രൻസുകൾ അവ എത്രയും വേഗം പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**വേർപാട്**

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റി മാനന്തവാടി സി.സി. അംഗവും, വാഴവറ്റ എ.സി. പ്രസിഡന്റുമായിരുന്ന സിസ്റ്റർ റോസമ്മ കുപ്പത്താനത്തിന്റെ നിര്യാണത്തിൽ മാനന്തവാടി സി.സി. യുടെ അനുശോചനങ്ങൾ.

സ്നേഹപൂർവം,

**റവ. ഫാ. ജോജോ കുടക്കച്ചിറ**

(സി.സി. ആത്മീയ ഉപദേഷ്ടാവ്)

**ബ്രദർ ബാബു നമ്പൂടാകം**

(സി.സി. പ്രസിഡന്റ്)

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അന്താരാഷ്ട്ര വനിതാദിനാചരണം നടത്തി**

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലിയിൽ വരുന്ന മൂന്ന് വർഷക്കാലം നീരുറവകൾ അടിസ്ഥാനമാക്കി നീർത്തട വികസന പദ്ധതി നടപ്പിലാക്കുന്നതിന് നബാർഡിൽ നിന്നും അംഗീകാരം ലഭിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ആണ് പദ്ധതി നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുത്തിട്ടുള്ളത്. മൂന്ന് വർഷം കൊണ്ട് 6242875 രൂപയുടെ പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 5150420 രൂപ നബാർഡിൽ നിന്നും ഗ്രാന്റ് ആയി ലഭിക്കുന്നതാണ്. നീരുറവകൾ വൃത്തിയാക്കുക, നീരുറവകൾക്ക് ചുറ്റും ബോക്സുകൾ സ്ഥാപിക്കുക, മൺകയ്യാല നിർമ്മാണം, നീർക്കുഴികളുടെ നിർമ്മാണം, കിണർ റീചാർജ്ജിങ്, കല്ല് കയ്യാല നിർമ്മാണം, ചെക്ക്ഡാം, കുളങ്ങളുടെ നിർമ്മാണം, കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാര പരിശോധന, മുള – ഈറ്റ എന്നിവയുടെ കൃഷി, കാർഷിക വനവൽക്കരണം, തോട്ടങ്ങൾ വച്ച് പിടിപ്പിക്കൽ, ജൈവ പച്ചക്കറി തോട്ടങ്ങൾ, കോഴി വളർത്തൽ, ജൈവവള നിർമ്മാണ യൂണിറ്റ്, ചെറുകിട ഭക്ഷ്യസംസ്ക്കരണ യൂണിറ്റ്, നടീൽ വസ്തുക്കളുടെ നേഴ്സറി, പഠനയാത്രകൾ, പരിശീലനങ്ങൾ തുടങ്ങിയ പദ്ധതികളാണ് വരുന്ന മൂന്ന് വർഷം കൊണ്ട് നീർത്തട പ്രദേശത്ത് നടപ്പിലാക്കുക, പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് നീർത്തട കമ്മിറ്റിയും നാനോ നീർത്തട കമ്മിറ്റിയും രൂപീകരിച്ചു പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**
**SWS മീറ്റിംഗ്**

ആറാട്ടുത്തറ, എടയൂർക്കുന്ന്, ഒണ്ടയങ്ങാടി, കണിയാരം, ചെന്നലോട്, ചെറുകാട്ടൂർ, ആലാറ്റിൽ, മുതിരേരി, മംഗലശ്ശേരി, പ്രശാന്തിഗിരി, തലപ്പുഴ, ഒഴുക്കന്മൂല, കാരക്കാമല, ആടിക്കൊല്ലി, അമരക്കുനി, പാടിച്ചിറ, കബനിഗിരി എന്നീ യൂണിറ്റുകളിൽ റീജിയ

ണൽ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ സാമൂഹ്യ സുരക്ഷാ സ്കീമുകളെപ്പറ്റി ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**സംരംഭകത്വ പരിശീലനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലെ റീജിയണൽ കോർഡിനേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ, സുജ മാത്യു എന്നിവരുടെ നേതൃത്വത്തിൽ പേരാൽ, തരിയോട്, ശശിമല, സീതാമൗണ്ട്, വെള്ളമുണ്ട അൽക്കരാമ സ്പെഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ സോപ്പ് ആൻഡ് ഡിറ്റർജെന്റ് പരിശീലനവും കുറുമണി, കൊളറാട്ടുകുന്ന് എന്നീ സ്ഥലങ്ങളിൽ കറി പൗഡറുകളുടെ നിർമ്മാണ പരിശീലനവും നടത്തി.

**സംഘങ്ങൾ രൂപീകരിച്ചു**

കുറുമ്പാല, തൃശിലേരി, വാളേരി, ജൂഡ്സ്മൗണ്ട്, പാടിച്ചിറ എന്നീ പ്രദേശങ്ങളിൽ പുതിയ സംഘങ്ങൾ രൂപീകരിച്ചു.

**ആട് വിതരണം നടത്തി**

എടയൂർക്കുന്ന്, ചെറുകാട്ടൂർ, ജൂഡ്സ്മൗണ്ട്, ചുള്ളിയാന എന്നീ യൂണിറ്റുകളിൽ WSSS ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, യൂണിറ്റ് ഡയറക്ടർമാരായ ഫാ. മനോജ് കാക്കോനാൽ, ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ, ഫാ. ജോസ് കൊച്ചറയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ ആടുകളെ വിതരണം ചെയ്തു.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**തയ്യൽ തൊഴിലാളി രജിസ്ട്രേഷൻ**

തയ്യൽ തൊഴിലാളി ക്ഷേമനിധി രജിസ്ട്രേഷൻ 29-03-2023 ന് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ നടന്നു. 17 പേർ അതിൽ അംഗത്വം സ്വീകരിച്ചു.

**വാർഷിക പുതുക്കൽ**

സ്വതന്ത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി എന്നിവയുടെ വാർഷിക പുതുക്കൽ പൂർത്തിയായി. ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധിയിൽ ചേർന്ന 03 പേർക്ക് മാർച്ച് മാസത്തിൽ പെൻഷൻ പാസ്സായി.

**ജീവസ് ഇൻഷൂറൻസ്**

203 ക്ലെയിമുകളിൽ നിന്നായി 22,14,982 രൂപ പാസ്സായി. 33 ക്ലെയിം പ്രൊസസിംഗിൽ ആണ്.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയും നബാർഡും സംയുക്തമായി നീലഗിരിയിലെ അവോക്കാഡോ കർഷകർക്കു വേണ്ടി നടപ്പിലാക്കിയ Capactiy Building for Adoption of Technology (CAT) പ്രോഗ്രാമിന്റെ തുടർച്ച എന്നോണം കർണാടകയിലെ കൂർഗിലുള്ള Cetnral Horticulture Experiment Station (CHES) Chettalli സ്ഥാപനത്തിലെ സയന്റിസുമാരായ ഡോ. മധുവും സംഘവും NDS സന്ദർശിച്ചു. NDS ഡയറക്ടർ ഫാ. ബിനോയ് കെ സെബാസ്റ്റ്യൻ ഇവരെ ഹാർദ്ദവമായി സ്വീകരിച്ചു. നബാർഡ് CAT പ്രോഗ്രാമിൽ പങ്കെടുത്ത കർഷകരുടെ കൃഷിയിടങ്ങൾ സംഘം നേരിട്ട് കണ്ട് സ്ഥിതി വിവരങ്ങൾ വിലയിരുത്തി. അവോക്കാഡോ മരങ്ങൾക്കുണ്ടാകുന്ന കീടബാധയുമായി ബന്ധപ്പെട്ട പഠനം നടത്തുകയും സാംപിളുകൾ ശേഖരിക്കുകയും ചെയ്തു. NDS നു കീഴിൽ പ്രവർത്തിക്കുന്ന കർഷകൻ ശ്രീ ഷാജി ഈ സംഘത്തിന് വേണ്ട സൗകര്യങ്ങൾ ഒരുക്കി നൽകി.

**സേവ് എ ഫാമിലി (SAF) പ്രോഗ്രാം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയും സേവ് എ ഫാമിലി സംഘടനയും ഒരുമിച്ച് നീലഗിരിയിലെ അശരണരും നിരാലംബരുമായ വിധവകൾക്കും അവരുടെ കുടുംബങ്ങൾക്കുമായി വിഭാവനം ചെയ്തു വരുന്ന സേവ് എ ഫാമിലി പദ്ധതിയുടെ വിവരശേഖരണം നടന്നു വരുന്നു. നീലഗിരി ജില്ലയിലെ ഗൂഡല്ലൂർ, പന്തല്ലൂർ മസിനഗുഡി എന്നീ പ്രദേശങ്ങളിലുള്ള 200 ഓളം വരുന്ന കുടുംബങ്ങൾക്കാണ് ഈ പദ്ധതിയുടെ ഗുണ ഫലങ്ങൾ ലഭ്യമാകുക.

**നബാർഡ് LED 'MEG സബ്സിഡി പ്രോഗ്രാം**

നബാർഡ് LEDP പദ്ധതിയിൽ PMEGP സ്കീം വഴിയായി നൽകപ്പെട്ട വിവിധ ലോണുകളുടെ സബ്സിഡി ലഭിക്കുന്നതിനു വേണ്ടി കയ്യൂന്നി, പനഞ്ചിറ, കൊട്ടാട്, കൽപ്ര, മൺവയൽ ബോസ് പാറ തുടങ്ങിയ യൂണിറ്റുകളിലെ 100 ഓളം വീടുകളിൽ (NSS ടീം

നേരിട്ട് സന്ദർശിച്ചു. സാഹചര്യങ്ങൾ വിലയിരുത്തി അർഹമായ അപേക്ഷകർക്ക് സബ്സിഡി ബോർഡുകൾ വെച്ച് ഫോട്ടോസ് എടുത്തു അതാതു ബാങ്കുകൾക്ക് കൈമാറി. ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കുകയും പദ്ധതിയുടെ ഭാഗമായി വാങ്ങിയ ആട്, കൂട് എന്നിവ കണ്ടു ബോധ്യപ്പെടുകയും ചെയ്തു. ഗുണഭോക്താക്കൾക്കുള്ള സബ്സിഡി നൽകി വരുന്നു. NDS കുന്നലാടി, ബെക്കി തുടങ്ങിയ യൂണിറ്റുകളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബിതർകാട് ശാഖ വഴി അപേക്ഷിച്ച ആട് ലോണുകൾ വരും ദിവസങ്ങളിൽ തന്നെ റിലീസ് ചെയ്യുമെന്ന് മാനേജർ അറിക്കുകയും ചെയ്തു. നബാർഡ് LED പദ്ധതിയുടെ ഭാഗമായി 100 ഇൽ അധികം സ്ത്രീകൾക്ക് പദ്ധതി വിഹിതമായ ഒരു ലക്ഷം രൂപാ വീതം ലഭിക്കുകയും 15% സബ്സിഡി ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ NDS മുഖാന്തിരം നടത്തുകയും ചെയ്തു.

**ബയോവിൻ ഇൻ്റേർണൽ ഇൻസ്പെക്ടർസ് ട്രെയിനിങ്**

BOWIN നു കീഴിലെ KAFFE യുടെ ഇൻ്റേർണൽ ഇൻസ്പെക്ടർമാർക്കുള്ള ട്രെയിനിംഗ് NDS ട്രെയിനിങ് ഹാളിൽ വെച്ച് 12.04.2021 നു നടന്നു. ട്രെയിനിംഗ് റീജിയണൽ കോർഡിനേറ്റർ ( ഓർഗാനിക്), ശ്രീമതി ഷീബ ജോൺ നേതൃത്വം നൽകി. ഒരു Internal Inspector 60120 കർഷകരെ എന്ന രീതിയിൽ കർഷകരുടെ ലിസ്റ്റ് തയ്യാറാക്കി കൊടുക്കുന്നതിനും, അതോടൊപ്പം ചെക്ക് ലിസ്റ്റ് പൂരിപ്പിക്കുന്നതിനും, ഫാം ഡയറി എഴുതുന്നതിനുമുള്ള പരിശീലനം നൽകി. ഗൂഡല്ലൂർ മേഖലയിലെ 7 ഓളം വരുന്ന ഇൻ്റേണൽ ഇൻസ്പെക്ടർമാർ പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തു.

**ദേശീയ ജൽ ജീവൻ മിഷൻ**

ദേശീയ *ജൽ ജീവൻ* മിഷൻ മലപ്പുറം ജില്ലയിലെ എടവണ്ണ ഊർങ്ങാട്ടിരി എന്നീ പഞ്ചായത്തുകളിലെ ISA പ്രവർത്തനങ്ങൾ വിജയകരമായി നടന്നുവരുന്നു.

**സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗ്**

എടവണ്ണ, ഊർങ്ങാട്ടിരി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ വിവിധ മേഖലകളിലുള്ള സ്റ്റേക്ക് ഹോൾഡേഴ്സ് ആയി വരുന്ന ആളുകൾക്കായുള്ള ബോധവൽക്കരണ പരിശീലന പരിപാടികൾ നടത്തപ്പെട്ടു. ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, ആശാ

വർക്കർമാർ, ഹരിതകർമ്മ സേന, അംഗൻവാടി പ്രവർത്തകർ എന്നിവരെ പ്രതിനിധീകരിച്ചു. പന്ത്രണ്ടോളം ആളുകൾ ഈ പരിപാടിയിൽ പങ്കെടുത്തു. ജൽ ജീവൻ മിഷൻ ആശയങ്ങളെക്കുറിച്ചും പദ്ധതി രൂപീകരണത്തെക്കുറിച്ചും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിലെ കമ്മ്യൂണിറ്റി ഫസിലിറ്റേറ്റർമാരായ ശ്രീമതി ശിഷാ, ശ്രീമതി ഫൗസിയ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഗ്രാമ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലേക്കും കണക്ഷൻ തരപ്പെടുത്തിക്കൊടുക്കുന്നതിനുള്ള സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കണമെന്ന് ഈ മീറ്റിംഗിൽ ആവശ്യപ്പെട്ടു.

**കുടുംബശ്രീ SHG മീറ്റിംഗ്**

എടവണ്ണ ഊർങ്ങാട്ടിരി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ കുടുംബശ്രീക്ക് കീഴിൽ വരുന്ന സമയം സഹായ സംഘങ്ങൾക്കുള്ള നവജീവൻ അവബോധ ക്ലാസുകൾ നടത്തപ്പെട്ടു. 2024 ഓടു കൂടി എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം പൈപ്പിലൂടെ എത്തിക്കുക എന്നതാണ് ജലജീവൻ പദ്ധതിയുടെ പ്രധാന ലക്ഷ്യം എന്ന് അംഗങ്ങളെ ബോധ്യപ്പെടുത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിലെ കമ്മ്യൂണിറ്റി ഫസിലിറ്റേറ്റർമാരായ ശ്രീമതി. ശിഷ, ശ്രീമതി ഫൗസിയ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. അതോടൊപ്പം ജലഗുണ നിലവാര പരിശോധന പരിശീലനവും നടത്തി.

**ജൽജീവൻ മിഷൻ ഹോർഡിങ്സ്**

ജൽ ജീവൻ മിഷൻ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഹോർഡിങ്സുകൾ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചു വരുന്നു. നിലവിൽ 2 ഗ്രാമ പഞ്ചായത്തുകളിലുമായി 30 ഓളം സ്ഥലങ്ങളിൽ ഈ ഹോർഡിങ്സുകൾ സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി വരുന്നവ വരും ദിവസങ്ങളിൽ തന്നെ സ്ഥാപിച്ചു പൂർത്തികരിക്കുമെന്നു അറിയിക്കുന്നു.

**ലോക ജലദിന റാലി**

ജൽ ജീവൻ മിഷൻ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ലോക ജലദിനത്തോടനുബന്ധിച്ചു. ജലദിന റാലികൾ നടത്തപ്പെട്ടു.

ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിലെ ജലദിന സന്ദേശ റാലി വടക്കും മുറി ALPS സ്കൂളിൽ വെച്ചു നടന്നു. പ്രധാന അദ്ധ്യാപിക ശ്രീമതി സാജിദ ഉൽഘാടന കർമ്മം നിർവഹിച്ചു. അധ്യാപികയായ ശ്രീമതി ആമിന ജലദിന സന്ദേശം നൽകി. അദ്ധ്യാപകനായ ശ്രീ ഫൈസൽ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിലെ കമ്മ്യൂണിറ്റി ഫസിലിറ്റേറ്റർ ശ്രീമതി ഫൗസിയ എന്നിവർ ആശംസ കൾ അറിയിച്ചു. സ്കൂളിലെ 250 ഇൽ പരം വിദ്യാർഥികളും, മറ്റു അധ്യാപകരും ഈ പരിപാടിയിൽ പങ്കെടുത്തു. അതിനു ശേഷം അധ്യാപകരുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥി, വിദ്യാർത്ഥിനികളെ അണിനിരത്തി ജലദിന സന്ദേശ പ്ലക്കാർഡുകൾ ഉയർത്തി ജലദിന സന്ദേശ റാലി നടന്നു. പിന്നീട് മധുര വിതരണത്തോടെ ജലദിന പരിപാടികൾ അവസാനിച്ചു.

എടവണ്ണ ഗ്രാമ പഞ്ചായത്തിലെ ജലദിന എരഞ്ഞിക്കോട് GMLP സ്കൂളിൽ വെച്ച് നടന്നു. സ്കൂൾ പ്രിൻസിപ്പൽ ഉൽഘാടനം ചെയ്ത റാലിയിൽ 150 ഇൽ പരം വിദ്യാർഥികളും അധ്യാപകരും പങ്കെ ടുത്തു. മാർച്ച് 22 ലോക ജലദിനമായി ആചരിക്കുന്ന വേളയിൽ സ്കൂൾ തലത്തിൽ ജല ബോധവൽക്കരണവുമായി ബന്ധപ്പെട്ടു. ജൽ ജീവൻ മിഷൻ നടപ്പിലാക്കിയ പ്രോഗ്രാം നടപ്പിലാക്കാൻ അസംബ്ലി വിളിച്ചു ചേർത്ത് ജല സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് അധ്യാപകൻ ശ്രീ. ഫാസിൽ കെ ടി ക്ലാസ്സുകൾ നൽകി ആശംസകൾ അറിയിച്ചു. സ്കൂൾ കുട്ടികളുടെ കലാപരിപാടികളും, ജലദിന സന്ദേശ റാലിയും ഈ ദിവസത്തെ മികവുറ്റതാക്കി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിലെ കമ്മ്യൂണിറ്റി ഫസിലിറ്റേറ്റർ ശ്രീമതി ശിഷാ നന്ദി അറിയിച്ചു. മധുര വിതരണത്തോടെ പരിപാടികൾ അവസാനിച്ചു.

**ജൽജീവൻ വാൾ പെയിന്റിങ്**

ജൽ ജീവൻ മിഷൻ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകൾക്ക് കീഴിൽ വരുന്ന വിവിധ വിദ്യാല യങ്ങളിലും, അംഗൻവാടികളിലും വോൾപെയിന്റിംഗ് നടത്തുന്നതി നായുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഗ്രാമ പഞ്ചായത്തുകൾക്ക് കീഴി ലുള്ള അംഗൻവാടികൾ, സർക്കാർ സർക്കാരിതര വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെ ചുവരുകളിൽ ജൽ ജീവൻ ആശയങ്ങൾ ഉൾക്കൊ

ളളിച്ചുകൊണ്ടുള്ള പെയിംന്റിംഗുകൾ ചെയ്യുന്നതുമൂലം സാധാരണ ജനവിഭാഗങ്ങളിലേയ്ക്കും കുട്ടികളിലേക്കും ഈ ആശയങ്ങൾ പ്രചരിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

മേൽപ്പറഞ്ഞ പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങളുടെ ക്ലെയിംഫോമുകൾ അതാത് പഞ്ചായത്തുകളിൽ എത്തിച്ചു നല്കിയിട്ടുണ്ട്. തുടർന്ന് വരുന്ന ദിവസങ്ങളിൽ പഞ്ചായത്തുകളിൽ ഗ്രാമസഭകളും അതോടൊപ്പം മറ്റ് വിവിധ ആക്റ്റിവിറ്റികളും നടക്കുമെന്ന് അറിയിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18218 കർഷകരാണ് 1099 ഗ്രൂപ്പുകളിലായി (48 ICS- Internal cotnrols ystem) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉാവുക.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

കഫേ, വോഫാ എന്നിവയുടെ ജൈവ സാക്ഷ്യ പത്രം പുതുക്കുന്നതിനായുള്ള പരിശോധന സിക്കിം സ്റ്റേറ്റ് ഓർഗാനിക് സർട്ടിഫിക്കേഷൻ ഏജൻസി (സോക്ക)യിൽ നിന്നുള്ള ഓഡിറ്റർ ശ്രീ. ഗംഗാറാം ഛേത്രി പൂർത്തീകരിച്ചു.

ബയോവിൻ പ്രോസസിംഗ് യൂണിറ്റിന്റെ ജൈവ സാക്ഷ്യപത്രം പുതുക്കുന്നതിനുള്ള പരിശോധന ലാക്കോൺ ക്വാളിറ്റി സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ശ്രീ. പ്രതീക് വിജയകുമാർ, ശ്രീ. അജയ് ഘോഷ് എന്നിവർ പൂർത്തീകരിച്ചു.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**റയിൻ ഫോറെസ്റ്റ് അലയൻസ് ഓഡിറ്റ് പൂർത്തീകരിച്ചു**

സുസ്ഥിര മാനദണ്ഡങ്ങളിലൊന്നായ റയിൻഫോറെസ്റ്റ് അലയൻസിന്റെ വാർഷിക പരിശോധന ഇൻഡോസ്റ്റ് ഓഡിറ്റർമാരായ ശ്രീ. ആകാശ് കെ. വി, ശ്രീ. മാത്യൂസ് തങ്കച്ചൻ എന്നിവർ പൂർത്തീകരിച്ചു. 55 കൃഷിയിടങ്ങൾ ഓഡിറ്റർമാർ സന്ദർശിക്കുകയും കർഷകരും തൊഴിലാളികളുമായി സംസാരിക്കുകയും, കൃഷിയിടങ്ങളിൽ പരിശോധന നടത്തുകയും ചെയ്തു.

**ഫെയർട്രേഡ് ന്യൂനപക്ഷ ക്ഷേമ പ്രവർത്തനം**

ഫെയർട്രേഡ് ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടത്തറ, തൊണ്ടർനാട് എന്നിവിടങ്ങളിലെ ആദിവാസി കർഷകർക്കായി 'ആദിവാസി നിയമങ്ങൾ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

കോട്ടത്തറ ഇ. കെ.നായനാർ സ്മാരക കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടന്ന സെമിനാറിൽ വോഫെ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, സെക്രട്ടറി ശ്രീ.ജോയ് പരിയാരത്ത്, വിനീഷ് വണ്ടന്നൂർ, എന്നിവർ പങ്കെടുത്തു. അഡ്വ. ജോസഫ് ടി. ജെ സെമിനാർ നയിച്ചു. തൊണ്ടർനാട് വച്ച് നടന്ന സെമിനാറിൽ കഫെ ചെയർമാൻ ഫാ. ബിനു പൈനുങ്കൽ, ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. നിധിൻ പാലക്കാട്ട്, ശ്രീ. ഷാജി ജോസ് എന്നിവർ പങ്കെടുത്തു. അഡ്വ. എൽബി മാത്യു സെമിനാർ നയിച്ചു.

സെമിനാറുകളിൽ പങ്കെടുത്ത മുഴുവൻ കർഷകർക്കും തൂമ്പ സമ്മാനിച്ചു.

**സംഭരണം**

മാർച്ച് മാസം പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 1753 കിലോ കാപ്പി കിലോയ്ക്ക് 130 രൂപ നിരക്കിലും കുരുമുളക് 2600 കിലോ 545 രൂപ നിരക്കിലും പച്ച ഇഞ്ചി 63800 കിലോ 58.33 രൂപ നിരക്കിലും തേങ്ങ 12500 കിലോ 35 രൂപ നിരക്കിലും പച്ച മഞ്ഞൾ 15300 കിലോ 23 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ

സ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്ക രിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**മില്ലറ്റ് വർക്ഷോപ്പ്**

അന്താരാഷ്ട്ര ചെറു ധാന്യ വർഷാചരണത്തിന്റെ ഭാഗമായി റേഡിയോ മാറ്റൊലി, കിസാൻ സർവീസ് സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെ നബാർഡിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 20 ന് ചെറുധാന്യങ്ങളുടെ പ്രദർശനവും ബോധവത്കരണ ശില്പശാലയും സംഘടിപ്പിച്ചു. തോണിച്ചാൽ കാരുണ്യനിവാസിൽ വെച്ച് നടന്ന പരിപാടി പത്മശ്രീ ചെറുവയൽ രാമൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജൈവസംരക്ഷക അവാർഡ് ജേതാവ് കമ്മന ബാലകൃഷ്ണനെ ചടങ്ങിൽ ആദരിച്ചു. വയനാട് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ഡോ. സഫീന മുഖ്യപ്രഭാഷണം നടത്തി. ലീഡ് ബാങ്ക് മാനേജർ ബിപിൻ മോഹൻ, നബാർഡ് ജനറൽ മാനേജർ ജിഷ വടക്കുംപറമ്പിൽ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി, കിസാൻ സർവീസ് സൊസൈറ്റി സെക്രട്ടറി സുരേഷ് എസ്. എന്നിവർ സംസാരിച്ചു.

**ശില്പശാല**

രണ്ടാംഘട്ട ദുരന്തനിവാരണ പരിശീലന പരിപാടിയുടെ ഭാഗമായി റേഡിയോമാറ്റൊലി വിവിധ പ്രോഗ്രാമുകളിലൂടെ ട്രൈബൽ ഭാഷയിൽ ബോധവത്കരണ പരിപാടികൾ അവതരിപ്പിക്കാൻ താല്പര്യമുള്ളവർക്കായി മാർച്ച് 25 ന് ശില്പശാല സംഘടിപ്പിച്ചു.

**ജില്ലാ ജയിൽ സെമിനാർ**

ജില്ലാ ജയിൽ അന്തേവാസികൾക്ക് മാർച്ച് 22 ന് സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി ക്ലാസ് എടുത്തു.

**സന്ദർശനം**

ഈസ്റ്റർ ദിന സന്ദേശം നൽകുന്നതിനായി മാനന്തവാടി രൂപതാദ്ധ്യക്ഷൻ ബിഷപ് മാർ ജോസ് പൊരുന്നേടം മാർച്ച് 31 ന് വന്നു. ഹൈദരാബാദ് സി. ഡാക് ന്റെ മേധാവിയും വികാസ്പീഡിയ കോർഡിനേറ്ററുമായ എം. ജഗദീഷും കുടുംബവും മാർച്ച് 31 ന് മാറ്റൊലി സന്ദർശിച്ചു.

**പഠന സന്ദർശനം**

പന്തീരങ്കാവ് പി.വി.എസ് ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിദ്യാർത്ഥികൾ മാർച്ച് 18 നും വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജി വിദ്യാർത്ഥികൾ ഏപ്രിൽ 18 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഇന്റേൺഷിപ്പ്**

തിരുവമ്പാടി അൽഫോൻസാ കോളേജ് ബി. എ ജേർണലിസം വിദ്യാർത്ഥിനി ലയ പി. എ, തളിപ്പറമ്പ് സർ സയ്യിദ് കോളേജിലെ ബാച്ചിലർ ഓഫ് മൾട്ടി മീഡിയ ആന്റ് കമ്മ്യൂണിക്കേഷൻ മൂന്നാം വർഷ വിദ്യാർത്ഥി മുഹമ്മദ് ഇസ്ഹാക് എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പിന് ചേർന്നു.

**തത്സമയഫോൺ ഇൻ പരിപാടി**

ഏപ്രിൽ 15 ന് 2 മണി മുതൽ 4 വരെ വിഷു സ്പെഷ്യൽ സല്ലാപം നടത്തി. ഗായിക ബി. വിഷ്ണുപ്രിയ പരിപാടിയിൽ പങ്കെടുത്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

**March – April 2023**

- Sixth Semester University Examination commenced on 27th  March 2023
- Forth Semester University Examination commenced on 12th  April 2023
- Organized farewell for the outgoing students on 17th March 2023.
- Mr George Thomas, Associate Professor, Department of English retired on 31st March 2023.
- Mr Rons John and Mr Justin N J were appointed as Office Assistant on March 2023.
- Faculty Development programme:  IQAC organized one day workshop in Outcome Based Education (OBE) on 20th  March 2023. Dr Maria Martin Joseph, Principal, highlighted the importance of OBE. Rev Fr Sibichan Chelackapallil inaugurated the workshop. Mr. Andrews Jose, Assistant Professor, Viswajyothi College of Engineering and Technology, Vazhakulam was the resource person.
- Department of Commerce: Observed world consumer rights day on 16th March 2023. The Department organized photography, slogan writing, poster making and essay writing competitions.
- Department of English: In association with IQAC organized a Finishing School Programme on the topic 'What do we do with an English major?' on 18th March 2023. Dr. Karthika V. K, Assistant professor, NIT Trichy was the resource person.

- Department of Computer Science: PG & Research Department of Computer Science, Mary Matha Arts and Science College, Mananthavady and PG Department of Computer Science, NAM College Kallikkandy organized an academic exchange programme for B Sc students on 20th March 2023.

  In association with Christ College Irinjalakuda, organized an Academic Exchange Programme – a residential programme for students of computer science on 24th and 25th March 2023.
- Department of Zoology: In association with Incubation cell of the college, organized a water quality testing camp in connection with World water day –'What's in Your Water?' on 22nd March 2023.
- Dr. Ramya Krishnan M: Presented a paper in an international conference on Management and Technology 2023 organized by School of Management Studies, CUSAT from 29th to 31st March 2023.
- Dr Rajitha Xavior: Published a paper in the edited book 'Leadership and Management' titled 'The Impact of Leadership Styles in Employee Work Performance'

**Dr. Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപതയുടെ സുവർണ്ണജൂബിലി വർഷത്തിൽ ഭവനരഹിതരില്ലാത്ത രൂപതയെന്ന ലക്ഷ്യത്തോടൊപ്പം കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപക അനധ്യാപകർ കൈകോർക്കുന്ന SANCTA MARIA HOUSING പ്രോജക്ടിന്റെ ഭാഗമായി ബത്തേരി അസംപ്ഷൻ വിദ്യാലയം നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽദാന കർമ്മം നിർവ്വഹിക്കപ്പെടുകയും ദ്വാരക എ. യു. പി സ്കൂളിന്റെയും നേതൃത്വത്തിൽ നിർമ്മിക്കപ്പെടുന്ന വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു.

മാനന്തവാടി രൂപതയുടെ സുവർണ്ണജൂബിലി സമാപനദിനമായ മെയ്മാസം ഒന്നാം തീയതി രൂപതാദിനത്തിന്റെ ഭാഗമായി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്ന സമാപനചടങ്ങുകളിൽ മുഴുവൻ പ്രധാനധ്യാപകരും സംബന്ധിക്കേണ്ടതാണ്. മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള മുഴുവൻ വിദ്യാലയങ്ങളിലെയും അധ്യാപക അനധ്യാപകരുടെ സ്നേഹസംഗമവും ഈ അധ്യയനവർഷം ഔദ്യോഗികസപര്യയ്ക്ക് വിരാമം കുറിക്കുന്ന അധ്യാപക അനധ്യാപകർക്കുള്ള യാത്രയയപ്പും (സദ്ഗമയ-2023) മെയ്മാസം പതിമൂന്നാം തീയതി രാവിലെ 9.30 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**വിദ്യാലയ വാർത്തകൾ**

**എൽ. പി വിഭാഗം**

**1. ദേവമാതാ എ. എൽ. പി സ്ക്കൂൾ ആടിക്കൊല്ലി**

വിദ്യാലയത്തിൽ പഠനോത്സവം നടത്തപ്പെട്ടു. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് A+ ലഭിച്ചു. മാതൃഭൂമി സീഡ് ഹരിത മുകുളം പ്രവർത്തനങ്ങൾക്ക് പ്രശസ്തി പത്രവും ക്യാഷ് പ്രൈസും ലഭിച്ചു. നാലാം ക്ലാസ് വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി അവധിക്കാലപ്രവർത്തനങ്ങൾ നടന്നു വരുന്നു.

**2. സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

വിദ്യാലയത്തിന്റെ റൂബി ജൂബിലിക്ക് തുടക്കം കുറിച്ചുകൊണ്ട് അരങ്ങേറിയ വാർഷികാഘോഷത്തിൽ വച്ച് പ്രീ പ്രൈമറി പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ സെറിമണി നടത്തി. വിദ്യാർത്ഥികളുടെ സർഗസൃഷ്ടികൾ ചേർത്ത് തയ്യാറാക്കിയ മധുരനെല്ലിക്കയുടെ പ്രകാശനകർമ്മം നിർവ്വഹിക്കപ്പെട്ടു. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ A ഗ്രേഡ് ലഭിച്ചു. നാലാംക്ലാസ്സ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് സംഘടിപ്പിച്ചു.

**3. സെന്റ് പോൾസ് എൽ. പി സ്ക്കൂൾ പുതിയിടംകുന്ന്**

പഠനോത്സവം സംഘടിപ്പിച്ചു. ക്ലാസ് പി ടി എ ചേർന്ന് അവധിക്കാല LSS ഇംഗ്ലീഷ് പരിശീലന മൊഡ്യൂളുകൾ പരിചയപ്പെടുത്തി.

**4. നിർമല എൽ. പി സ്ക്കൂൾ ആലാറ്റിൽ**

വിദ്യാലയത്തിന്റെ അമ്പത്തിയൊമ്പതാം വാർഷികം സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ ഭവനസന്ദർശനങ്ങൾ നടത്തി. കുട്ടികളുടെ സർഗസൃഷ്ടികൾ വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി മിഠായിപ്പൊതി എന്ന പേരിൽ ഓൺലൈൻ ക്ലാസുകൾ നൽകുന്നു. മലയാളഭാഷയോടുള്ള താൽപര്യം വളർത്തുന്നതിനായി ഞാനും എന്റെ കുഞ്ഞുണ്ണിയും എന്ന പദ്ധതി ആരംഭിച്ചു. വിദ്യാർത്ഥികൾക്കായി ഒറിഗാമി പരിശീലനവും സ്പോക്കൺ ഇംഗ്ലീഷ് പരിശീലനവും നൽകിവരുന്നു.

**5. എ. എൽ പി സ്ക്കൂൾ കണിയാരം**

മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് A ഗ്രേഡ് ലഭിച്ചു.

**6. സെന്റ് തോമസ് എൽ. പി സ്ക്കൂൾ നടവയൽ**

പഠനോത്സവം സംഘടിപ്പിക്കുകയും നീഹാരം കൈയ്യെഴുത്തുമാഗസിൻ പ്രകാശനം ചെയ്യുകയും ചെയ്തു. നാലാം ക്ലാസ് വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് സംഘടിപ്പിച്ചു. മികച്ച വില്ലേജ് ഓഫീസർക്കുള്ള റവന്യൂ അവാർഡ് ലഭിച്ച പൂർവ്വ വിദ്യാർത്ഥിയെ ആദരിച്ചു. അബാക്കസ് പരിശീലനത്തിൽ ഒന്നാംഘട്ടം പിന്നിട്ട വിദ്യാർത്ഥി

കൾക്ക് സർട്ടിഫിക്കറ്റുകൾ നൽകി. അധ്യാപന ജീവിതത്തിൽ നിന്നും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പ് നൽകി.

**7. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ**

വിദ്യാലയത്തിന്റെയും പ്രീ പ്രൈമറിയുടെയും സംയുക്തവാർഷികാഘോഷം നടത്തി. നാലാം ക്ലാസ് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് സംഘടിപ്പിച്ചു. മാനന്തവാടി ബ്ലോക്ക് തല ഭാഷോത്സവത്തിൽ വിജയം കൈവരിച്ചു. പഠനോത്സവം സംഘടിപ്പിച്ചു.

**8. പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

പഠനോത്സവം വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. ലഘു പരീക്ഷണങ്ങൾ, ഗെയിമുകൾ, അഭിനയം തുടങ്ങി വിവിധ പരിപാടികൾ കുട്ടികൾ അവതരിപ്പിച്ചു.

**9. ക്രൈസ്റ്റ് കിംഗ് എൽ. പി സ്കൂൾ മണിമൂളി**

ELA പ്രൊജക്ടിന്റെ ഭാഗമായി സ്കൂൾ മുറ്റത്ത് ഇന്ത്യയുടെ ഭൂപടം നിർമ്മിച്ചു.

**യു പി വിഭാഗം**

**1. സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

ഹാപ്പി ഡ്രിങ്ക്സ് പരിപാടിയുടെ ഭാഗമായി പ്രകൃതിദത്ത പാനീയങ്ങളുടെ നിർമ്മാണ പരിശീലനവും പ്രദർശനവും സംഘടിപ്പിച്ചു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി സ്നേഹക്കുടുക്കയിൽ സമാഹരിച്ച തുക രോഗീസഹായമായി നൽകി. നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ A+ ഗ്രേഡ് കരസ്ഥമാക്കി കൈത്താങ്ങ് എന്ന പേരിൽ വിദ്യാലയത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രാദേശിക പി. ടി. എ സംഘടിപ്പിച്ചു.

**2. സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. പഠനമികവുകൾ അവതരിപ്പിക്കുന്നതിനായി പഠനോത്സവം സംഘടിപ്പിച്ചു.

**3. സെന്റ് തോമസ് എ. യു. പി സ്ക്കൂൾ ഇടിവണ്ണ**

ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. എസ്. ടി വിഭാഗം വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് അനുവദിച്ച പഠനമേശയും കസേരയും വിതരണം ചെയ്തു. കുട്ടികളുടെ പഠനവിടവ് നികത്താൻ അവധിക്കാല പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**4. സെന്റ് മേരീസ് യു. പി സ്ക്കൂൾ കബനിഗിരി**

വിദ്യാർത്ഥികളുടെ പഠനമികവുകളുടെ അവതരണവുമായി പഠനോത്സവം സംഘടിപ്പിച്ചു. ഏഴാം ക്ലാസ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് സംഘടിപ്പിച്ചു.

**5. അസംപ്ഷൻ എ. യു. പി സ്ക്കൂൾ ബത്തേരി**

വിദ്യാർത്ഥികൾക്കായി റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്കും ലഹരിക്കെതിരെ ലക്ഷ്യദീപമെന്ന പേരിൽ നടത്തിയ പത്രം നിർമ്മാണത്തിലും ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടി. സ്ക്കൂളിൽ ശുദ്ധീകരിച്ച കുടിവെള്ള സംവിധാനം ഉദ്ഘാടനം ചെയ്തു. പഠനോൽസവവും ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പും സംഘടിപ്പിച്ചു.

**6. സെന്റ് തോമസ് എ. യു. പി സ്ക്കൂൾ മുള്ളൻകൊല്ലി**

ഏഴാം ക്ലാസ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. സ്ക്കൂൾ സപ്തതി ആഘോഷത്തിന്റെ മുന്നോടിയായി ആഘോഷകമ്മിറ്റി രൂപീകരിച്ചു.

**7. യു. പി സ്ക്കൂൾ അമ്പായത്തോട്**

മലയാള മനോരമ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ A ഗ്രേഡ് നേടി. TECHIE TEACHER പരിശീലനം സംഘടിപ്പിച്ചു.

**8. സെന്റ് ആന്റണീസ് യു. പി സ്ക്കൂൾ പഴൂർ**

സംസ്ഥാനതല സന്മാർഗശാസ്ത്ര പരീക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അവധിക്കാല പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്കായി അധ്യാപകർ ഒരുമിച്ചിരുന്ന് തയ്യാറാക്കിയ ഇമ്മിണിക്കൂട്ട് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**9. സെന്റ് ജോസഫ്സ് യു. പി സ്ക്കൂൾ കല്ലോടി**

ELA പ്രൊജക്ട് വിദ്യാലയത്തിൽ നടപ്പിലാക്കി. പഠനോത്സവം സംഘടിപ്പിച്ചു. ഹാപ്പി ഡ്രിങ്ക്സ് പ്രോഗ്രാം നടത്തുകയും അബാക്കസ് പരിശീലനം ആരംഭിക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. മാനന്തവാടി ബ്ലോക്ക് തലത്തിൽ രക്ഷിതാക്കൾക്കായി നടത്തിയ ഭാഷോത്സവത്തിൽ വിജയം നേടി. നല്ലപാഠം പ്രവർത്തനങ്ങൾക്ക് A ഗ്രേഡ് ലഭിച്ചു.

**10. സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി അന്താരാഷ്ട്രാവനിതാദിനം ആഘോഷിച്ചു. ഏഴാം ക്ലാസ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് സംഘടിപ്പിച്ചു. ഡി. എൽ. എഡ് വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ A ഗ്രേഡ് ലഭിച്ചു. പ്രീ പ്രൈമറി വിഭാഗം വിദ്യാർത്ഥികൾ ഫുഡ്ഫെസ്റ്റ് ഒരുക്കി. സംസ്ഥാനശിശുക്ഷേമ സമിതി സംഘടിപ്പിച്ച കവിതാരചനാ മത്സരത്തിൽ വിജയം കൈവരിച്ചു. പഠനോത്സവവും ഈ വർഷം പൂർത്തിയാക്കിയ പദ്ധതികളുടെ ഉദ്ഘാടനവും നടത്തപ്പെട്ടു. കോളനികൾ സന്ദർശിച്ചു.

**11. സെന്റ് മേരീസ് എ. യു. പി സ്ക്കൂൾ തരിയോട്**

വിദ്യാർത്ഥികളുടെ മികവുകളുമായി പഠനോത്സവം സംഘടിപ്പിച്ചു. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് A+ ഗ്രേഡ് ലഭിച്ചു.

**12. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്ക്കൂൾ കൊമ്മയാട്**

വിദ്യാലയത്തിൽ പുതിയതായി നിർമ്മിച്ച ഷട്ടിൽ ബാഡ്മിന്റൺ, ഫുട്ബോൾ കോർട്ടുകളുടെയും കളിയുപകരണങ്ങളുടെയും അവധിക്കാല കായികപരിശീലനത്തിന്റെയും ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു. പഠനമികവുകളുടെ പ്രദർശനവുമായി പഠനോത്സവം സംഘടിപ്പിച്ചു.

## ഹൈസ്ക്കൂൾ വിഭാഗം

### 1. ഫാ. ജി. കെ. എം ഹൈസ്ക്കൂൾ കണിയാരം

പത്താം ക്ലാസിലെ ഗോത്രവിഭാഗം വിദ്യാർത്ഥികൾക്കായി പഠനക്യാമ്പ് നടത്തി. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. നിർധനരോഗികളായ രക്ഷിതാക്കൾക്ക് ചികിത്സാസഹായം കൈമാറി. വിദ്യാലയ പ്രവർത്തനങ്ങളുടെ വാർഷിക അവലോകനം നടത്തി.

### 2. സെന്റ് തോമസ് ഹൈസ്ക്കൂൾ നടവയൽ

കേരള നോൺ ടീച്ചിംങ് സ്റ്റാഫ് അസോസിയേഷൻ നടത്തിയ ഉപന്യാസ മത്സരത്തിലും NMMSE സ്ക്കോളർഷിപ്പ് പരീക്ഷയിലും സംസ്ഥാനതല കളരിപ്പയറ്റ് മത്സരത്തിലും വേനലവധിക്കാലം ആനന്ദകരമാക്കാൻ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിദ്യാർത്ഥികൾ വിജയം കൈവരിച്ചു.

### 3. സെന്റ് കാതറൈൻസ് ഹൈസ്ക്കൂൾ പയ്യംപള്ളി

പഠനോത്സവം സംഘടിപ്പിച്ചു. NUMAT സ്കോളർഷിപ്പ് പരീക്ഷയിൽ വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു.

### 4. സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ കല്ലോടി

പ്രീ പ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള അധ്യാപക അനധ്യാപകരുടെ സംഗമം നടത്തുകയും സർവ്വീസിൽ നിന്ന് വിരമിക്കുന്നവർക്ക് ആദരവ് നൽകുകയും ചെയ്തു. റോഡ് സേഫ്റ്റി ക്ലബിന്റെ നേതൃത്വത്തിൽ സ്കൂൾ പരിസരത്ത് സ്കൂൾ സുരക്ഷാ ബോർഡുകൾ സ്ഥാപിച്ചു.

### 5. ഐ. ജെ. എം. എച്ച്. എസ് ഹയർസെക്കന്ററി സ്കൂൾ കൊട്ടിയൂർ

NNMS സ്കോളർഷിപ്പ് വിജയിയെ അനുമോദിച്ചു. വിദ്യാലയത്തിൽ നിന്നും വിരമിക്കുന്ന അധ്യാപികക്ക് യാത്രയയപ്പ് നൽകി. വിവിധ കായികമേഖലകളിലായി അവധിക്കാല പരിശീലന ക്യാമ്പുകൾ ആരംഭിച്ചു.

### 6. സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്

രാജ്യപുരസ്കാർ നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. അധ്യാപകർ വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനങ്ങൾ നടത്തി.

**7. നിർമ്മല ഹൈസ്കൂൾ കബനിഗിരി**

ഗോത്രവർഗ വിദ്യാർത്ഥികൾക്കായി സഹവാസക്യാമ്പ് നടത്തി വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുവാനായി സമീപ വിദ്യാലയങ്ങൾ സന്ദർശിക്കുകയും അറിവിന്റെ നിർമലാലയം എന്ന പേരിൽ സ്ലൈഡ് പ്രദർശനം നടത്തുകയും ചെയ്തു. NMMS പരീക്ഷയിലും രാജ്യപുരസ്കാർ പരീക്ഷയിലും വിദ്യാർത്ഥികൾ വിജയം കൈവരിച്ചു.

ഈ വേനലവധിക്കാലം ഓരോ കുട്ടിക്കും അവരവരുടെ അഭിരുചിക്കിണങ്ങുന്ന പ്രവർത്തനങ്ങളിലൂടെയും വായനകളിലൂടെയും ആസ്വാദ്യകരമാക്കാനും ഏറ്റവും പ്രയോജനകരമാകുന്ന രീതിയിൽ ഉപയോഗപ്പെടുത്താനും സാധിക്കുന്നതാകട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ



# Bishop's Programme

***May 2023***

*1 Monday..................Golden Jubilee Concluding Ceremony*
*2 Tuesday..................Engaged*
*3 Wednesday............Chevarambalam:  SKD Profession*
*4 Thursady.................Meeting with PG Students for Vestition*
*5 Friday....................Dwaraka: Teachers' Guild State Convention*
*6 Saturday.................St Francis Church, Chovva: First communion*
*7 Sunday...................Padichira: Parish Jubile Conclusion*
*8 Mon - 9 Tues..........Engaged*
*10 Wednesday...........Major Seminarians' Vestition*
*13 Saturday.............CEADOM: Sadgamaya*
*Afternoon: SH Study House*
*14Sunday...................Koolivayal:*
*Laying of Foundation Stone for Presbytery*
*17 Wednesday...........Dwaraka: Pro -life Sangamam*
*18 Thursday.............MMC: Interview*
*19 Friday..................Out of station*
*20 Saturday...............Ambalavayal:*
*Laying of Foundation Stone for Church*
*21 Sunday.................Thalappuzha: Parish Jubilee Conclusion*
*28 Sunday.................Bathery: Cemetery Blessing*
*Afternoon: Karyampady: Eye Hospital Jubilee*
*29 Monday................Kabanigiri: School Blessing*
*30 Tuesday................Engaged*
*31 Wed-1 Thur.(May): North Kerala Bishops' Meet*

**June**

*4 Sunday...................Karakkamala:*
*Family Renewal Year Inauguration*
*5 Monday..................Ondayangady: Blessing of school*
*12 Mon - 14 August..Abroad*

# *Auxiliary Bishop's Programme*



***May 2023***

*01 Monday..................Dwaraka:*
*Diocesan Golden Jubilee Conclusion*
*02 Tuesday..................Engaged*
*03 Wednesday.............Peravoor: SH Provincialate, Holy Qurbana*
*04 Thursday...............Morning: PSDP Seminary, Kartikulam:*
*Chapel Blessing,*
*Afternoon: Padichira: Holy Qurbana*
*05 Friday.....................Vaduvanchal: CST Convention*
*06 Saturday.................Morning: Palankara: First Communion*
*...................................Afternoon: Edivanna: Jubilee Celebration*
*07 Sunday...................Kalpetta: First Communion*
*08 Monday.................Morning: Chulliana: First Communion*
*09 Tuesday.................Muringoor*
*11 Thursday................Kuzhinilam:*
*Diaconate of Norbertine Brothers*
*13 Saturday................Thrissilery: First Communion*
*14 Sunday..................Vythiri: First Communion*
*15 Mon-16 Tue...........Engaged*
*17 Wednesday.............Out of Station*
*20 Saturday................Dwaraka: Catechism HM Conference*
*21 Sunday..................Vadapuram: Holy Qurbana*
*23 Tuesday.................Chennalode: First Communion*
*27 Saturday................Kolavayal: First Communion*
*31 Wednesday.............North Malabar Bishops' Conference*